# മുഖവുര

ഒരു മതത്തിൽ ഉൾപ്പെട്ട ഏവനും ആ മതത്തിലെ വിശ്വാസരീതി മുതലായവ പഠിച്ചിരിക്കേണ്ടതു് അത്യാവശ്യമാണല്ലൊ. മലയാളത്തുള്ള സുറിയാനി സത്യവിശ്വാസ സഭയിൽ ഉൾപ്പെട്ടവൎക്ക തങ്ങളുടെ വിശ്വാസരീതി മുതലായവ വായിച്ചറിയുന്നതിനു തക്കതായ പുസ്തകങ്ങൾ മലയാളഭാഷയിൽ വളരെ ദുൎല്ലഭമാകയാൽ അവർ അന്യമതക്കാരുടെ വിശ്വാസരീതിക്കടുത്ത പുസ്തകങ്ങൾ വായിച്ചു പഠിക്കയും അങ്ങിനെ ആദ്യമെ അവൎക്ക കിട്ടുന്ന അറിവു സത്യമുള്ളതെന്നു ഉറച്ചുകൊണ്ടു അനേകർ ഈ വിശുദ്ധ സഭയുടെ വിശ്വാസത്തിനെതിരായി പുറപ്പെടുകയും ചെയ്യുകയാണെന്നതു് അനുഭവസിദ്ധവും ആണല്ലൊ. ഈ കുറവിനെ പൂൎണ്ണമായി പരിഹരിപ്പാൻ ഈ ചെറിയ പുസ്തകം മതിയാകാത്തതെങ്കിലും വേദശാസ്ത്രത്താൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന ഈ വിശുദ്ധ സഭയുടെ ഉപദേശപ്രകാരമുള്ള വിശ്വാസരീതികളെയും മതാചാരസാരങ്ങളെയും കുറിച്ചു് ഏവൎക്കും ഒരു സാധാരണ അറിവു കൊടുത്തു സത്യവിശ്വാസത്തിൽ ഉറപ്പിപ്പാൻ തക്കവണ്ണം അതു് ഉപകരിക്കാതിരിക്കയില്ലെന്നു വിശ്വസിക്കുന്നു. ഇതു ശുദ്ധ മാർ ഗ്രീഗോറിയോസ്സ് ബറെബ്രായ മുതലായ ഗ്രന്ഥകൎത്താക്കന്മാരുടെ മ്നാറസ്കുദശാ, സൽഗാ, കാനോൻ മുതലായ വിശ്വാസയോഗ്യമുള്ള പുസ്തകങ്ങളെ പരിശോധിച്ചു ചമച്ചിട്ടുള്ളതാകുന്നു. പൂൎവ്വകാലത്തു വിശുദ്ധ സഭയുടെ വിശ്വാസത്തിന്നെതിരായി എഴുന്നേറ്റിട്ടുള്ള വേദവിപരീതികളുടെ പേരുകളും അവരുടെ ഉപദേശച്ചുരുക്കവും അറിയണമെന്നു പലരും ആവശ്യപ്പെടുകയാൽ ആയതിന്റെ ഒരു ചുരുങ്ങിയ പട്ടികയും ഈ പുസ്തകത്തിന്റെ അവസാന ഭാഗത്തു ചേൎത്തിരിക്കുന്നു.

## സംഗതി വിവരങ്ങൾ.


| | | പുറം |
|---|---|---|
| ൧ | ശുദ്ധമുള്ള ത്രിത്വത്തെക്കുറിച്ച | ൧ |
| ൨ | പിതാവിനെക്കുറിച്ച | ൨ |
| ൩ | പുത്രനെക്കുറിച്ച | ൨ |
| ൪ | ശുദ്ധമുള്ള റൂഹായെക്കുറിച്ച | ൪ |
| ൫ | വിശുദ്ധ കൂദാശകളെക്കുറിച്ച | ൪ |
| ൬ | ശു: മാമോദീസായെക്കുറിച്ച | ൫ |
| ൭ | ശു: കുർബാനയെക്കുറിച്ച | ൬ |
| ൮ | കുമ്പസാരത്തെക്കുറിച്ച് | ൭ |
| ൯ | വിശുദ്ധ തൈലങ്ങളെക്കുറിച്ച | ൧൦ |
| ൧൦ | പട്ടത്വത്തെക്കുറിച്ച | ൧൦ |
| ൧൧ | വിവാഹത്തെക്കുറിച്ച് | ൧൧ |
| ൧൨ | രോഗികളുടെ തൈലാഭിഷേകത്തെക്കുറിച്ച് | ൧൨ |
| ൧൩ | ശവസംസ്കാരത്തെക്കുറിച്ച് | ൧൩ |
| ൧൪ | പ്രാർത്ഥനയെക്കുറിച്ച | ൧൩ |
| ൧൫ | നോമ്പിനെക്കുറിച്ച | ൧൪ |
| ൧൬ | ഞായറാഴ്ചകളെയും മാറാനായപ്പെരുനാളുകളെയുംകുറിച്ച | ൧൫ |
| ൧൭ | പരിശുദ്ധന്മാരുടെ ഓർമ്മ ദിവസങ്ങളെക്കുറിച്ച | ൧൬ |
| ൧൮ | ദൈവമാതാവിനെക്കുറിച്ച | ൧൭ |
| ൧൯ | പരിശുദ്ധന്മാരോടുള്ള പ്രാർത്ഥനയെക്കുറിച്ച | ൧൭ |
| ൨൦ | മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനയെക്കുറിച്ച് | ൧൯ |
| ൨൧ | മരിച്ചവർക്കുവേണ്ടിയുള്ള നോമ്പു, കുർബാന, ധർമ്മങ്ങൾ മുതലായവയെക്കുറിച്ച | ൨൧ |
| ൨൨ | തിരുശേഷിപ്പുകളെക്കുറിച്ച | ൨൨ |
| ൨൩ | കുരിശുവരയെയും കുരിശുവന്ദനയെയുംകുറിച്ച | ൨൩ |
| ൨൪ | കന്യാവ്രതത്തെക്കുറിച്ച | ൨൪ |
| ൨൫ | പട്ടക്കാരുടെ വിവാഹത്തെക്കുറിച്ച | ൨൪ |
| ൨൬ | മനുഷ്യന്റെ ആത്മാവിനെക്കുറിച്ച | ൨൫ |
| ൨൭ | പാപത്തെക്കുറിച്ച | ൨൫ |
| ൨൮ | അനുതാപത്തെക്കുറിച്ച | ൨൭ |
| ൨൯ | നീതീകരണത്തെക്കുറിച്ച | ൨൭ |
| ൩൦ | ശിക്ഷയ്ക്കും രക്ഷയ്ക്കും ഏറ്റക്കുറവ് ഉണ്ടെന്നുള്ളതിനെക്കുറിച്ച | ൨൮ |
| ൩൧ | ഉയിർപ്പിനെക്കുറിച്ച് | ൨൯ |
| ൩൨ | സ്വാതന്ത്ര്യ, സൃഷ്ടി, മുന്നറിവു, മുൻനിയമം എന്നിവയെക്കുറിച്ച | ൨൯ |
| ൩൩ | വിശുദ്ധ പുസ്തകങ്ങളെക്കുറിച്ച | ൩൧ |
| ൩൪ | സുന്നഹദോസുകളെയും സഭയുടെ അധികാരത്തെയുംകുറിച്ച | ൩൩ |
| | മുൻകാലത്തു എഴുന്നേറ്റിട്ടുള്ള ചില ദുർവേദവിപരീതികളുടെ പേരുകളും അവരുടെ ഉപദേശങ്ങളുടെ ചുരുക്കവും | ൩൫ |

സുറിയാനി

സത്യവിശ്വാസ സഭയിലെ

# മതോപദേശസാരങ്ങൾ

## ൧-ാം സംഗതി.

### ശുദ്ധമുള്ള ത്രിത്വത്തെക്കുറിച്ച്.

കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റെയും സ്രഷ്ടാവായ ജീവനും സത്യവുമുള്ള ദൈവം ഒരുവൻ ഉണ്ട്. (ആദ്യപു) ൧, ൧ ഏശാ. ൪൪:൨൪, ആവ: ൫: ൨൬ ൧ യോഹ. ൫: ൨൦, മനി ൨:൨൭) സകലത്തിന്റെയും ആദികാരണമായിരിക്കുന്ന ഈ ഏക ദൈവം അല്ലാതെ വേറെ ദൈവം ഇല്ല. (ഏശായ, ൪൬:൧൧; ൪൫: ൬) താൻ അനാദിയായുള്ളവനും നിത്യനും (ഏശായ,) ൪൧: ൪൨, ൪൩:൧൦) അശരീരിയും (യോഹ: ൪: ൨൪:) ജഡകൺകളാൽ കാണപ്പെടാത്തവനും (൧ തിമൊ: ൬: ൧൬) സർവ്വശക്തനും (മത്തായി, ൧൯ ൨൬ ലൂക്കൊ. ൧: ൩൭) സർവ്വജ്ഞാനിയും (സങ്കീ: ൧൪൭:൫;) സർവ്വവ്യാപിയും (സങ്കീ: ൧൩൯:൭) നന്മയിൽ പൂർണ്ണനും (പുറപ്പാ: ൩൪:൬:) നിർണ്ണയിക്കപ്പെടാവതല്ലാത്തവനും (യോബ് ൧൧: ൭) ഭേദമില്ലാത്തവനും (യാക്കോ: ൧: ൧൭) സകലത്തെയും ഭരിക്കുന്നവനും ആകുന്നു. (ലൂക്കൊ, ൧൦: ൨൧) ഈ ദൈവത്വത്തിൽ പിതാവെന്നും പുത്രനെന്നും ശുദ്ധമുള്ള റൂഹാ എന്നും മൂന്നാളുകൾ ഉണ്ട് (ആദ്യപു ൧:൨൬. ൧൧ ൭. (മത്തായി ൩:൧൬.൧൭;൨൮;൧൯) ആയത്തു ത്രിത്വത്തിൽ ഏകത്വവും ഏകത്വത്തിൽ ത്രിത്വവും ആകുന്നു. (ഏശാ, ൬: ൩. തമ്മിൽ മുമ്പു പിമ്പും, വലിപ്പച്ചെറുപ്പമോ ശക്തി വ്യത്യാസമോ, ഇല്ല, ഈ മൂന്നു ആളുകൾക്കും ഏക സാരാംശവും ഏകരാജിതവും ഏക സ്വഭാവവും ഏക ഇഷ്ടവും ഏക നിരൂപണയും ഏക ശക്തിയും ഏകാധ്യക്ഷതയും ഏക കർത്തവ്യവും ആകുന്നു.

# ൨—ാം സംഗതി.

## പിതാവിനെക്കുറിച്ചു്.

ത്രിത്വത്തിൽ ഒരുവനായിരിക്കുന്ന പിതാവായ ദൈവം സർവ്വശക്തനും (യോഹ: ൧൦: ൨൯) ആകാശത്തിന്റെയും ഭൂമിയുടെയും കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റെയും സ്രഷ്ടാവും അനാദിയായി തന്നിൽ നിന്നു ജനിച്ച വചനമായ പുത്രന്റെ ജനകനും ദൈവത്തിന്റെ സകല ലക്ഷണങ്ങളോടുംകൂടി ഇരിക്കുന്നവനും ആകുന്നു. (൧ കൊറ: ൮:൬)

# ൩—ാം സംഗതി.

## പുത്രനെക്കുറിച്ചു്.

ത്രിത്വത്തിൽ ഒരുവനായി പിതാവിന്റെ വചനവും പുത്രനുമായവൻ അനാദിയായി പിതാവിൽ നിന്നു ജനിച്ചവനും (യോഹ: ൧:൧. യോഹ ൧൪.) സാരാംശത്താൽ പിതാവിനും ശുദ്ധമുള്ള റൂഹായിക്കും സമനും സൃഷ്ടിയല്ലാത്തവനും, ആകുന്നു. (യോഹ; ൧൦:൩൦) താൻ ദൈവികസ്ഥിതിയിൽ നിന്നു യാതൊരു ഭേദവും കൂടാതെ തന്റെയും തന്റെ പിതാവിന്റെയും ശുദ്ധമുള്ള റൂഹായുടെയും ഇഷ്ടപ്രകാരം മനുഷ്യരുടെ രക്ഷയ്ക്കായി വെടിപ്പുള്ള കന്യകയിൽ നിന്നു ജഡമെടുത്തു് മനുഷ്യനായി തീരുകയും (മലാഖി ൩: ൬, എബ്രാ: ൨;൧൪, യോഹ: ൧: ൧൪) ജഡത്തിൽ സത്യമായിട്ടു കഷ്ടപ്പെടുകയും (അപ്പൊ. ൧: ൩) കുരിശിൽ തറയ്ക്കപ്പെടുകയും (മർക്കൊ; ൧൫:൨൪) മരിക്കുകയും (റോമ. ൫: ൬, കബറടക്കപ്പെടുകയും [൧ കൊറ: ൧൫: ൪] പാതാളത്തിലേക്കു ഇറങ്ങി, ചെന്നു് പാതാളത്തിലുള്ളവരോടു പ്രസംഗിക്കുകയും (൧ പത്രോ: ൩: ൧൯ മൂന്നാം ദിവസം കബറിൽനിന്നു ഉയിർത്തെഴുന്നേല്ക്കുകയും (അപ്പൊ; പ്ര: ൨ ൩൨ ലൂക്കൊ: ൨൪: ൩൯) ഉയിർപ്പിന്റെ ശേഷം നാല്പതാം ദിവസം സ്വർഗ്ഗത്തിലേക്കു കരേറി മഹത്വത്തിൽ തന്റെ പിതാവിന്റെ വലഭാഗത്തു് ഇരിക്കുകയും ചെയ്തു. (ലൂക്കൊ. ൨൪: ൫൧) താൻ മനുഷ്യനായി തീർന്നു എന്നുള്ളതു് കന്യകയിൽ നിന്നു ജനിച്ച ഒരു നീതിയുള്ള മനുഷ്യനിൽ വസിച്ചു എന്നല്ല, എന്നാലോ സാക്ഷാൽ ദൈവമായ താൻ പുരു

ഷ സംബന്ധം കൂടാതെ ശുദ്ധമുള്ള റൂഹായാൽ കന്യകയിൽ നിന്നു ജഡമെടുത്തു സാക്ഷാൽ മനുഷ്യനായി തീരുകയും (എബ്രാ. ൨. ൧൪, യോഹ. ൧. ൧൪, ഗലാ. ൪. ൪;) ദൈവ സ്വഭാവം ഭേദപ്പെട്ടു മനുഷ്യസ്വഭാവമായി തീരുകയോ മനുഷ്യ സ്വഭാവം ഭേദപ്പെട്ട് ദൈവ സ്വഭാവമായി തീരുകയോ തമ്മിൽ സമ്മിശ്രപ്പെടുകയോ കൂടികലൎന്നു വേറൊരു വസ്തുവായി തീരുകയോ ഒന്നിനാൽ ഒന്നു നശിച്ചുപോകയോ ചെയ്യാതെ ദൈവത്വവും മനുഷ്യത്വവും എന്ന രണ്ടു സ്വഭാവങ്ങൾ ഒരിക്കലും വേൎതിരിയപ്പെടാത്തപ്രകാരം ദൈവത്വത്തിന്റെയും, പാപമൊഴികെ മനുഷ്യത്വത്തിന്റെയും പൂൎണ്ണലക്ഷണങ്ങളോടു കൂടെ യോജിക്കപ്പെടുകയും ചെയ്തു. ഈ യോജിപ്പു മഹാ അത്ഭുതമായിട്ടുള്ളതാകുന്നു. [കൊലൊസ്സ്യ ൨: ൯ എബ്രാ ൨: ൯. തിമൊത്തി: ൨: ൧൬. ൧തിമൊത്തി ൩: ൧൬ എബ്രാ. ൧: ൨] യോജിപ്പിന്റെ ശേഷം രണ്ടു സ്വഭാവങ്ങളായോ രണ്ടു ക്നൂമകളായോ ആളുകൾ വേൎതിരിയപ്പെടാവുന്നതല്ലാ. എന്നാലൊ ഏക സ്വഭാവവും, ഏകആളും ഏകപ്രസ്സൂപ്പായും * മുഖം ഏക ഇഷ്ടവും ഏക വ്യാപാരവുമത്രെ താൻ പൂൎണ്ണദൈവവും പൂൎണ്ണമനുഷ്യനും ആകുന്നു. (എഫേ: ൪: ൧. ൧കൊറ ൧: ൧൮) തന്റെ മരണസമയം ആത്മാവു ശരീരത്തിൽ നിന്നു വേൎപിരിഞ്ഞപ്പോൾ തന്റെ ദൈവത്വം ആത്മാവിൽ നിന്നും ശരീരത്തിൽ നിന്നും വേൎതിരിയാതെ അവ രണ്ടിനോടും കൂടെ ഉണ്ടായിരുന്നു. (യോഹ. ൧൦: ൧൮) ഉയിൎത്തെഴുന്നേല്പിൽ തന്റെ ശരീരത്തെ നാശമില്ലാത്തതാക്കിതീൎത്തതിനാൽ ഇനിമേൽ മരണമെങ്കിലും യാതൊരു കഷ്ടത എങ്കിലും തന്റെ മേൽ അധികാരപ്പെടുന്നതുമല്ലാ. (റോമ. ൬: ൯.) താൻ വഴിയും സത്യവും ജീവനുമാകുന്നു. തന്നാൽ അല്ലാതെ യാതൊരു ജഡവും രക്ഷിക്കപ്പെടുന്നതല്ല (യോഹ ൧൪: ൬. അപ്പൊ. പ്ര. ൪: ൧൨; ജീവനുള്ളവരേയും മരിച്ചവരേയും ന്യായംവിധിപ്പാനായിട്ടു വലുതായ തന്റെ മഹത്വത്തോടു കൂടെ രണ്ടാമതു താൻ വരികയും ചെയ്യും. അപ്പൊ. ൧൭. ൩൧.)

---

* ഇവിടെ പർസ്സൂപ്പാ അല്ലെങ്കിൽ മുഖം എന്നു പറഞ്ഞിരിക്കുന്നതു ജഡത്തിനടുത്ത മുഖത്തെക്കുറിച്ചല്ലാ ഏറെയും കൊണ്ടു വിചാരിക്കപ്പെടാവുന്ന ഒരാകൃതിയെക്കുറിച്ചത്രെ

# ൪-ാം സംഗതി.

## ശുദ്ധമുള്ള റൂഹായെക്കുറിച്ച്.

ത്രിത്വത്തിൽ ഒരുവനായി ആശ്വാസപ്രദനായിരിക്കുന്ന ശുദ്ധമുള്ള റൂഹായായ ദൈവം പിതാവിനും പുത്രനും സമനും, സൃഷ്ടിയല്ലാത്തവനും; ആദ്യന്തമില്ലാത്തവനും, (൨ കൊറി. ൩: ൧൭. ൧൩: ൧൩.) പിതാവിൽ നിന്നു പുറപ്പെട്ടവനും (യോഹ. ൧൫: ൨൬.)· പുത്രനിൽ നിന്ന് എടുക്കുന്നവനും പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ട് സ്തുതിക്കപ്പെടുന്നവനും (യോഹ, ൧൬:൧൪) നിബിയന്മാരെക്കൊണ്ടും ശ്ലീഹന്മാരെക്കൊണ്ടും പറയിച്ചവനും ആകുന്നു. (൨ പത്രോ. ൧. ൨൧; മത്താ. ൧൦: ൨൦)

# ൫-ാം സംഗതി.

## വിശുദ്ധ കൂദാശകളെക്കുറിച്ച്.

കൂദാശകൾ മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കു് ആവശ്യപ്പെട്ടവയായി നമ്മുടെ കർത്താവു കല്പിച്ചു നിശ്ചയിച്ചിട്ടുള്ള അപ്രത്യക്ഷമായ നന്മകളുടെ പ്രത്യക്ഷമായ വിശുദ്ധ കർമ്മങ്ങൾ ആകുന്നു. ഇവയ്ക്കു വിശുദ്ധ രഹസ്യങ്ങൾ എന്നു കൂടി പേരു പറയപ്പെടുന്നു- മാമ്മോദീസാ (യോഹ, ൩: ൫) കുർബാന. (യോഹ. ൬:൫൩) കുമ്പസാരം (യാക്കോ. ൫. ൧൬.) മൂറോൻ (൧ യോഹ: ൨ :൨൭. പട്ടത്വം (എബ്രാ ൫. ൧൪) വിവാഹം (മത്തായി ൧൯: ൬.) രോഗികളുടെ തൈലാഭിഷേകം (യാക്കോ. ൫. ൧൪.) ഇങ്ങനെ ഏഴ് കൂദാശകൾ ഉള്ളവയിൽ അഞ്ചു പൊതുവേ സകല മനുഷ്യർക്കും, പട്ടത്വം വിവാഹം ഇവ രണ്ടും മനസ്സുള്ളവർക്കു മാത്രവും ആവശ്യപ്പെട്ടവയാകുന്നു. സകല കൂദാശകളെയും അതാതിനു വേണ്ടിയ യോഗ്യതകളോടും കൂടെ കൈക്കൊള്ളേണ്ടതാകുന്നു. അപ്രകാരം കൈക്കൊള്ളുന്നവർക്കു കൃപ ലഭിക്കയും തങ്ങളിലുള്ള കൃപ വർദ്ധിക്കയും ചെയ്യുന്നു.

# ൬-ാം സംഗതി.

## വിശുദ്ധ മാമ്മോദീസായെക്കുറിച്ച്.

മാമ്മോദീസാ സകല കൂദാശകളിലും വെച്ച ഒന്നാമത്തേതാകുന്നു. ഈ കൂദാശ കൈക്കൊള്ളാതെ മറ്റുള്ളവയെ കൈക്കൊള്ളുവാൻ പാടുള്ളതല്ല. മാമ്മോദീസായാൽ പുത്രസ്വീകാരം ലഭിക്കയും (ഗലാ. ൩:൨൬, ൨൭: യോഹ: ൩: ൫.) പാപമോചനത്തിനും ശുദ്ധമുള്ള റൂഹായുടെ ദാനത്തിനും (അപ്പോ ൨, ൨൨:൧൬, ൨:൩൮) ദൈവപുത്രന്മാരുടെ സംഘത്തിലുള്ള സംബന്ധത്തിനും പാത്രീഭവിക്കയും ചെയ്യുന്നു. (൧ കോറി ൧൨:൧൩) എന്നാൽ ഭക്തിയോടും വിശ്വാസത്തോടും കൂടെ മാമ്മോദീസാ മുതലായ കൂദാശകളെ കൈക്കൊള്ളേണ്ടതാകുന്നു. (അപ്പോ. ൨: ൩൮, ൩൯) എന്തുകൊണ്ടെന്നാൽ പുത്രസ്വീകാരം ദൈവസ്നേഹവും ലഭിക്കുന്നതു വിശ്വാസം വഴിയായിട്ടത്രെ. (ഗലാ ൩; ൨൬) മാമ്മോദീസാ മുതലായ കൂദാശകളിൽ ഉപയോഗിച്ചുവരുന്ന മൂറോൻ, സൈത്തു, വെള്ളം, മുതലായ സാധനങ്ങളും വിശ്വാസം ഏററു പറയിക്കുക, കൈവെയ്ക്കുക, ഊതുക, നെററിമേൽ കുരിശടയാളം വരയ്ക്കുക മുതലായ കർമ്മങ്ങളും ദൈവത്തിൽ നിന്നു നാം കൈക്കൊള്ളുന്ന നൽവരങ്ങളേയും നാം വിശ്വസിക്കേണ്ടവയും പ്രവർത്തിക്കേണ്ടവയുമായ മുറകളേയും മ്ശിഹാ പ്രവൃത്തിക്കയും ദൈവാത്മാവ് അപ്രത്യക്ഷമായി പ്രവൃത്തിക്കുന്നവയുമായ ഓരോ വ്യാപാരങ്ങളേയും ദൃഷ്ടാന്തപ്പെടുത്തി കാണിക്കുന്നവയാകുന്നു. വെള്ളത്താൽ ശരീരത്തിന്റെ അഴുക്കിനെ കഴുകിക്കളയുന്ന പ്രകാരം സത്യവിശ്വാസത്തോടും ഭക്തിയോടുംകൂടെ മാമ്മോദീസാ കൈക്കൊള്ളുന്നവർ തങ്ങളുടെ ആത്മാവിന്റെ പാപക്കറകളേ കഴുകി കളയുന്നതിനാൽ സ്നാനം എന്നർത്ഥമുള്ള മാമ്മോദീസാ എന്നും (റോമ ൬:൩൪.) (൧ പത്രോ. ൩: ൨൧) (യോഹ൨൦:൨൨; ൧൩.൧൪:൧൫.) (അപ്പോ: ൨൨ ൧൬) ഇതിനാൽ അറിവില്ലായ്മയുടെ അന്ധകാരത്തിൽനിന്നു ദൈവം അറിവിന്റെ പ്രകാശത്തിലേക്കു അടുത്തുവരുന്നതിനാൽ പ്രകാശമെന്നും (൧ പത്രോ ൨.൯) ആദ്യമെ സ്ത്രീകളുടെ ഗർഭപാത്രത്തിൽ നിന്നു ജനിച്ചിരിക്കുന്നവർ രണ്ടാമതും മാമ്മോദീസായാകുന്ന ഗർഭപാത്രത്തിൽനിന്നു കൃപയുടെ മക്കളായി ജനിക്കുന്നതിനാൽ വീണ്ടും ജനനമെന്നും ഇതിനു പേരുകൾ പറയുന്നുണ്ട്. കർമ്മപാപത്താൽ മാത്രമല്ല ജന്മപാപത്താലും മനുഷ്യജാതി മുഴുവനും ദൈവശിക്ഷക്കു പാത്രമായി തീർന്നിരിക്കകൊണ്ടും മാമ്മോദീസാ മൂലം പാപങ്ങൾ മോചിക്കപ്പെടുകയും ദൈ

വ കൃപ ലഭിക്കുകയും ചെയ്യുന്നതിനാലും (യോഹ ന:ന. തീത്തോ. ന:൫) ചെറിയ പൈതങ്ങൾക്ക മാമോദീസായുടെ നൽവരം വിരോധിച്ചു കൂടാത്തതാകുന്നു. മാമോദീസായിൽ മല്പാസ്ഥനെ നിൽക്കുന്നത്തു രക്ഷയ്ക്കും യിതങ്ങളുടെ വാഗ്ദത്തമായ കാരണിപ്പാനും ചെറിയ പൈതങ്ങളുടെ മാമോദീസായിൽ മാമോദീസാ മുക്കുന്ന പൈതങ്ങൾ നടത്തേണ്ട ഏററുപറച്ചിൽ മുതലായ സംഗതികളെ അവക്കു പകരം പ്രതിനിധികളായി നിന്നുകൊണ്ട നടത്തുവാനും അവരെ സത്യവിശ്വാസം മുതലായവ പഠിപ്പിക്കേണ്ടതിന് ചുമതലക്കാരായി ഇരിപ്പാനുമത്രെ [മക്കൊ ൧൦,൧൩ ൧ർ.൧൩ ആവൃപ്പ ൧൧:൧൦-൧ർ] പാപമോചനത്തിന മാമോദീസാ ഒന്നു മാത്രമേ ഉള്ളു. [എഫെ ൪ വ] അതിനാൽ ഒരുത്തൻ മാമോദീസാ കൈക്കൊണ്ടശേഷം മിശിഹായിലുള്ള വിശ്വാസം ഉപേക്ഷിക്കുകയും പിന്നത്തേതിൽ വിശ്വസിച്ചു തിരിച്ചു വരികയും ചെയ്താൽ അവനെ രണ്ടാമതും മാമോദീസാ മുക്കുവാൻ ആവശ്യമില്ലാ അനുതാപത്താൽ മാത്രം കൈക്കൊള്ളേണ്ടതാകുന്നു. എന്നാൽ വിശുദ്ധ സഭയുടെ സത്യവിശ്വാസത്തിൽ നിന്നു തെററിയവരും ത്രിത്വത്തിന്റെ ശരിയായ കൈവെപ്പ് ഇല്ലാത്തവരുമായ വേദവിപരീതികളാൽ കഴിക്കപ്പെടുന്ന മാമോദീസാ പൂർണ്ണതയുള്ളതെന്നു വിചാരിക്കാതെ സൂനഹദോസുകളുടെ കാനോനിൽ വിവരിച്ചിരിക്കുന്നപ്രകാരം അതാതു വേദവിപരീതികളുടെ വിശ്വാസസ്ഥിതി നോക്കി ചിലരെ തൈലാഭിഷേകത്തിന്റെ ശുശ്രൂഷ കഴിച്ച് മൂറോൻ മാത്രം പൂശുകയും, ചിലരെ കൊണ്ട അവരുടെ വേദവിപരീതങ്ങൾ ഉപേക്ഷിപ്പിക്ക മാത്രം ചെയ്യുകയും, ചിലരെ മാമോദീസായുടെ ശുശ്രൂഷ മുഴുവനും തികച്ച് മാമോദീസാ മുക്കുകയും ചെയ്യേണ്ടതാകുന്നു.

---

## ൭ ാം സംഗതി.

### ശുദ്ധമുള്ള കുർബാനയെകുറിച്ച്.

കുർബാന എന്നതു് നമ്മുടെ ആത്മാക്കളുടെ രക്ഷക്കും പുലച്ചക്കും വേണ്ടി ഭക്ഷണവും പാനീയവുമായി കർത്താവേശുമിശിഹായുടെ തിരുശരീരരക്തങ്ങൾക്ക നമ്മെ സംബന്ധിപ്പിക്കുന്ന ഒരു കൂദാശയത്രെ. ദൈവമായദൈവം മനുഷ്യസ്വഭാവത്തോട യോജിച്ചതിനാൽ (എബ്രാ. ൨:൧൪) തന്റെ മനുഷ്യത്വത്തിനും ദൈവമെന്നു പേരു വിളിക്കപ്പെട്ടിരിക്കുന്ന

പ്രകാരം കർബ്ബാനയിൽ അണെയ്ക്കുന്ന അപ്പത്തിലും വീഞ്ഞിലും ശുദ്ധമുള്ള റൂഹായായ ദൈവം ആവസിക്കുന്നതിനാൽ ഇതു് എന്റെ ശരീരമാകുന്നു എന്നും ഇതു് എന്റെ രക്തമാകുന്നു എന്നുമുള്ള തന്റെ കല്പനപോലെ (മൎക്കൊ ൧൪: ൨൨-൨൪. മത്താ ൨൬: ൨൬-൨൮. ലൂക്കൊ ൨൨: ൧൯-൨൦. ൧ കോറി. ൧൧: ൨൪-൨൯) അവയെ കൎത്താവിന്റെ ശരീരരക്തങ്ങളെന്നു വിശ്വസിപ്പാനുള്ളതാകുന്നു. അവ സ്വഭാവേന ശരീരരക്തങ്ങളെന്നല്ലാ എന്നാലൊ കൃപയാലുള്ള ശരീരരക്തങ്ങളെന്നത്രെ. കാഴ്ചയാലും രുചിയാലും വസ്തു ഭേദപ്പെട്ടു കാണുന്നില്ലെങ്കിലും (൧ കൊ. ൧൧: ൨൬.) വിശ്വാസത്തോടും ഭക്തിയോടും കൂടെ കൈക്കൊള്ളുന്നവൎക്കു് കൎത്താവിന്റെ ശരീരരക്തങ്ങളുടെ ഫലമായ പാപമോചനവും നിത്യജീവനും ലഭിക്കുന്നതാകുന്നു. (൧കോറ. ൧൧: ൨൮: മത്താ. ൨൬: ൨൮. യോഹ ൬: ൫൧, ൫൩; ൫൪, ൫൬, ൫൭) തിരിച്ചറിവും ഭക്തിയും കൂടാതെ ഭക്ഷിക്കുന്നവൎക്കു ശിക്ഷാവിധി ഉണ്ടാകുകയും ചെയ്യും (൧കോറ. ൧൧: ൨൯-൩൦) കർബ്ബാന മശിഹായുടെ തിരുശരീരരക്തങ്ങളുടെ ഒരു സംബന്ധം എന്നു മാത്രമല്ലാ [൧കോറി. ൧൦: ൧൬.] പുതിയനിയമപ്രകാരമുള്ള ഒരു ബലിയും കാഴ്ചയും കൂടെയത്രെ. [മലാ. ൧. ൧൧. മത്തായി ൫: ൨൩-൨൪ എഫേസ്യ ൫: ൨.] ഈ ബലി മിശിഹായുടെ ഏക ബലി ഉണ്ടാകുവാനിരിക്കുന്നു എന്നു് മുൻകുറികാണിച്ചിരുന്ന രക്തബലി മുതലായ ന്യായപ്രമാണ ബലികളെക്കാൾ ഫലമേറിയതും മഹിമയേറിയതും ആകുന്നു; എബ്രാ ൧൦ ൧ ൧൩, ൧൪] ലോകരക്ഷക്കുവേണ്ടിയുള്ള മിശിഹായുടെ ഏക ബലി നിവൎത്തിച്ചാരിക്കുന്നു. എന്നു ഇതിനാൽ കാണിക്കുകയും തന്റെ ജനനം, പരസ്യശുശ്രൂഷ, മരണം, കബറടക്കം, ഉയൎത്തെഴുനേല്പ് മുതലായവയെ ഓൎപ്പിക്കയും ചെയ്യുന്നു. [ലൂക്കൊ. ൨൨: ൧൮ ൧ കോറി: ൧൧. ൨൦, ൨൪-൨൬] കുർബ്ബാനയിൽ ഉപയോഗിക്കുന്ന അപ്പം വീഞ്ഞു് തബ്ലൈത്താ മുതലായ സാധനങ്ങളും പട്ടക്കാരൻ നിവൎത്തിക്കുന്ന അപ്പം കണ്ടിപ്പു ആരാധനാ മുതലായ കൎമ്മങ്ങളും മിശിഹാ തന്റെ ഏക ബലിയിൽ ഉപയോഗിച്ച സാധനങ്ങളെയും കൎമ്മങ്ങളെയും മറവും ദൃഷ്ടാന്തപ്പെടുത്തുന്നവയാകുന്നു. കണ്ടിപ്പിന്റെ ശുശ്രൂഷയാകുന്ന ശരീരവും രക്തവും തമ്മിലുള്ള ചേൎത്തിപ്പു കൂടാതെ ശരീരം മാത്രമൊ രക്തം മാത്രമൊ ജനത്തിനു കൊടുപ്പാൻ അധികാരമില്ല. കണ്ടിപ്പിന്റെ ശുശ്രൂഷയാൽ ശരീരത്താൽ രക്തവും രക്തത്താൽ ശരീരവും യോജിപ്പിക്കുന്നതായാൽ കാസായിൽ നിന്നും പീലാസായിൽ നിന്നും കൊടുക്കാവുന്നതും അവ രണ്ടിൽ നിന്നു കൂടി കൊടുക്കുന്നതു ശരീരവും രക്തവും ഈ രണ്ടു തവണ കൊ

ട്ടുകുന്നതായാൽ അതു് അനാവശ്യവുമാകുന്നു. (റോമ. ൧൪ ൯.) (ഏശാ. ൫൮:൫-൭) (യോഹ. ൫;൪) കുർബാന കൈക്കൊള്ളുന്നവർ സത്യകുമ്പസാരം നടത്തി വിശ്വാസത്തോടും ഭക്തിയോടും പ്രാർത്ഥനയോടും കുർബാനയുടെ ബഹുമാനത്തിനായി നോമ്പു മുതലായ ഒരുക്കങ്ങളോടും കൂടെ കൈക്കൊള്ളേണ്ടതാകുന്നു. (റോമ. ൯; ൫ ഏശാ. ൫൮:൫-൭; യോഹ ൫ ൪൧) അത്യന്തം രോഗത്തിൽ കിടക്കുന്നവർക്ക് ഭക്ഷണത്തിൽ നിന്നുള്ള ഉപവാസം കൂടാതെ മതിയാവൂ എന്നു നിർബന്ധമില്ല. മ്ശിഹാ തന്റെ തിരുവത്താഴത്തിൽ ഉപയോഗിച്ച അപ്പം * പുളിപ്പുള്ളതായിരുന്ന പ്രകാരം തന്നെ കുർബാനയിൽ പുളിപ്പുള്ള അപ്പം ഉപയോഗിക്കേണ്ടതാകുന്നു. (മാർക്കോ. ൧൪: ൪. ൨൨:) ൧ കോറി. ൧൧: ൮] താൻ സർവ്വലോകത്തെയും ജീവിപ്പിക്കുന്ന ജീവന്റെ പുളിപ്പാകുന്നു. എന്നു ഇതിനാൽ ദൃഷ്ടാന്തപ്പെടുത്തുകയും ചെയ്യുന്നു. [മത്താ. ൧൩: ൩൩]

---

# ൮-ാം സംഗതി.

## കുമ്പസാരത്തെക്കുറിച്ച്.

കുമ്പസാരം എന്നതു തങ്ങൾ ചെയ്തുപോയിട്ടുള്ള പാപങ്ങളെക്കുറിച്ച് ദൈവത്തിന്റെ സ്ഥാനാപതിയായ പട്ടക്കാരന്റെ മുമ്പാകെ ഏറ്റുപറഞ്ഞു ദൈവത്തോടു അനുതപിക്കയും അനുതാപം മൂലം പട്ടക്കാരൻ വഴിയായി ദൈവത്തിൽ നിന്നു മോചനം ലഭിക്കുകയും ചെയ്യുന്നതായ ഒരു കൂദാശയാകുന്നു, ഇതിന് അനുതാപത്തിന്റെ രഹസ്യം എന്നു കൂടെ പേർ പറയപ്പെടുന്നുണ്ട്. പട്ടക്കാർ ദൈവത്തിന്റെ സ്ഥാനാപതികളായി പൊതുവേ ജനത്തോടു പ്രസംഗിച്ചു ഗുണദോഷിക്കയും പരസ്യമായ പാപങ്ങൾക്ക പരസ്യമായി ശാസിക്കുകയും അവരെ സത്യവഴിയിൽ ചെയ്യേണ്ടതു കൂടാതെ കഴിയുന്നതായിരുന്നാൽ ഓരോരുത്തരുടെ പ്രവൃത്തികളും അകമെയുള്ള സ്ഥിതിയും ഏതു പ്രകാരം ഇരിക്കുന്നു എന്നു അറിഞ്ഞു പ്രത്യേകം പ്രത്യേകം ഓരോരുത്തർക്ക വെ

---

* സുറിയാനിയിൽ ഇവിടെ അപ്പം എന്നുപയോഗിച്ചിരിക്കുന്ന പദം പുളിച്ച മാവു കൊണ്ടു ഉണ്ടാക്കുന്ന അപ്പത്തിനു ഉപയോഗിക്കുന്നതല്ലാതെ പുളിപ്പില്ലാത്തതു കൊണ്ടു ഉണ്ടാക്കുന്ന അപ്പത്തിന് ഉപയോഗിക്കുന്നതല്ല.

ന്നായിരിക്കുന്ന പ്രകാരമുള്ള ഗുണദോഷങ്ങളും പറഞ്ഞുകൊടുത്ത് അവരെ വഴിതെറ്റിൽ നിന്ന് തിരിപ്പിക്കകയും അവരുടെ പാപങ്ങളെ കുറിച്ച് ഒരു പിതാവിനെ പോലെ സ്നേഹത്തോടു കൂടെ ശാസിക്കകയും ഉപവാസം ധൎമ്മം മുതലായി ഓരോരുത്തൎക്ക തക്കതായ ചില പ്രായശ്ചിത്തങ്ങളും നിശ്ചയിക്കയും കൎത്താവിന്റെ നീതിയെ ചൂണ്ടികാണിച്ച ഭയപ്പെടുത്തുകയും തന്റെ കരുണയെ കാണിച്ച കൃപയിൽ ആശ്രയിപ്പിച്ച ആശ്വസിപ്പിക്കകയും (മലാഖി. ൨: ൭, ഹെബ ൫. ൧–൨: തിത്തൊ. ൧: ൯; ൨ തിമൊത്തി. ൪: ൨, അവരുടെമേൽ പാപപരിഹാരത്തിന്റെ പ്രാൎത്ഥന കഴിച്ച് കൎത്താവിന്റെ നാമത്തിൽ അവരെ അനുഗ്രഹിക്കകയും ചെയ്യുന്നതു എത്രയും യോഗ്യവും മുറയും ആകുന്നു. [ലേവ്യ ൫: ൬.] ഇപ്രകാരം പട്ടക്കാരൻ ചെയ്യേണ്ടതിന് ഓരോരുത്തരുടെ പ്രവൃത്തികളും സ്ഥിതിയും ഏതുപ്രകാരം ഇരിക്കുന്നു എന്ന് അറിവാൻ ആവശ്യമാകയാൽ കുമ്പസാരിക്കുന്നവർ തങ്ങളുടെ സകല പാപങ്ങളെയും മനസാക്ഷിയുടെ സ്ഥിതിയെയും പട്ടക്കാരനോടു വെളിപ്പെടുത്തേണ്ടതാകുന്നു. (ആവൎത്ത. ൧൭: ൮—൧൦, സങ്കീ. ൩൨: ൫, മത്തായി. ൩: ൬, വ്യ: ൪, അപ്പൊ. ൧൯: ൧൮, യാക്കോ ൫: ൧൬, സംഖ്യ ൫: ൬–൭ ലേവ്യ ൧൬: ൨, സുഭ ൨൮: ൧൩) കുമ്പസാരത്തിൽ പട്ടക്കാരനോട ഏററുപറയപ്പെടുന്ന രഹസ്യപാപങ്ങളെ പട്ടക്കാരൻ ഒരുത്തനോടും വെളിപ്പെടുത്തിയാൽ ആയത വെളിപ്പെടുത്തുന്ന പട്ടക്കാരൻ ശിക്ഷാവിധിക്ക യോഗ്യനായിതീരുകയും ചെയ്യും. (സുഭ. ൨൫: ൯, ൧൦: ൯) പട്ടക്കാൎക്ക പാപങ്ങളെ മോചിപ്പാനുള്ള അധികാരം അവരുടെ സ്വന്തനീതിയാലെയും അധികാരത്താലെയും അല്ല. (അപ്പൊ: ൩: ൧൨) അവരുടെ ഗുണദോഷത്താലും [യാക്കോ ൫: ൧൯–൨൦] പ്രാൎത്ഥനയാലും (൧ തിമൊത്തി ൨: ൧) കൎത്താവിൽ നിന്ന് അവൎക്ക് ലഭിച്ചിട്ടുള്ള നൽവരത്താലും അവർ വഴിയായി പാപികൾക്ക മോചനം ലഭിക്കുന്നതിനെക്കുറിച്ച പറയുന്നതത്രെ. (യോഹ. ൨൦: ൨൨–൨൩, ൧ തിമൊ ൪: ൧൪.) പത്രോസിന്റെ പ്രാൎത്ഥനയാൽ കൎത്താവു ഉയൎപ്പിച്ച സ്ത്രീയെ പത്രോസ് ഉയൎപ്പിച്ചു എന്നു പറയുന്നതു നീതിയെങ്കിൽ കുമ്പസാരത്തിലും മററും പട്ടക്കാർ വഴിയായി കൎത്താവു ചെയ്തുകൊടുക്കുന്ന പാപമോചനത്തെക്കുറിച്ച പട്ടക്കാൎക്ക് പാപങ്ങളെ മോചിപ്പാൻ അധികാരമുണ്ട് എന്നു പറയുന്നത്, "നിങ്ങൾ ഒരുത്തനോട് പാപങ്ങളെ ക്ഷമിക്കുമെങ്കിൽ അവനോടു ക്ഷമിക്കപ്പെടും" എന്നുള്ള കൎത്താവിന്റെ കല്പനയ്ക്കു ചേരുന്നത് എന്നല്ലാതെ യാതൊരു പ്രകാരത്തിലും ദൈവദൂഷണമായി തീരുന്നതല്ല.

# ൯—ാം സംഗതി.

## വിശുദ്ധ തൈലങ്ങളെ കുറിച്ചു.

മാമോദീസായിൽ നാം മ്ശിഹായെ ധരിക്കുകയും, (ഗലാ. ൩:൨൭) വെള്ളത്തിൽ നിന്നു മാത്രമല്ല, ശുദ്ധമുള്ള റൂഹായിൽ നിന്നും കൂടെ വീണ്ടും ജനിക്കുകയും (യോഹ ൩: ൫) അവനാൽ അഭിഷേകം ചെയ്യപ്പെട്ട ജീവങ്കലേക്ക് മുദ്ര കുത്തപ്പെടുകയും ചെയ്യേണ്ടതു ആവശ്യമാകയാൽ അവയുടെ ദൃഷ്ടാന്തത്തിനായി ശുദ്ധമുള്ള മൂറോൻ ശുദ്ധീകരിക്കപ്പെട്ട സൈത്ത് എന്ന വിശുദ്ധ തൈലങ്ങളാൽ അഭിഷേകം ചെയ്യപ്പെടുകയും മുദ്ര കുത്തപ്പെടുകയും ചെയ്യേണ്ടതാകുന്നു. (എഫേ. ൧,൧൩) പ്രധാന മേല്പട്ടക്കാരനാൽ മാത്രം ശുദ്ധീകരിക്കപ്പെടുന്ന മൂറോൻ മാമോദീസായിൽ ഉപയോഗിച്ചു വരുന്നതു കൂടാതെ പള്ളിക്കൂദാശ, തബ്ലൈത്താ കൂദാശ ഇവകളിലും, മേല്പട്ടക്കാരനാൽ ശുദ്ധീകരിക്കപ്പെടുന്ന സൈത്തു മാമോദീസായിലും ഉപയോഗിച്ചുവരുന്നു. എന്നാൽ ഈ വിശുദ്ധ തൈലം കൊണ്ടുള്ള ഉപയോഗം നാം മ്ശിഹായെ ധരിക്കയും ശുദ്ധമുള്ള റൂഹായാൽ വീണ്ടും ജനിക്കയും തന്നാൽ ജീവങ്കലേക്ക മുദ്ര കുത്തപ്പെടുകയും ചെയ്യണമെന്നു പഠിപ്പിക്കയും അങ്ങനെ ചെയ്യുന്നു എന്നു ക്രിയയാൽ ദൃഷ്ടാന്തപ്പെടുത്തി കാണിക്കയും ചെയ്യുന്നു. ഇങ്ങനെ ഉപയോഗിക്കുമ്പോൾ ആത്മാവിലും അപ്രകാരം ഫലിക്കത്തക്കവണ്ണം വിശ്വാസത്തോടും ഭക്തിയോടും കൂടെ അവയെ ഉപയോഗിക്കേണ്ടതാകുന്നു. (പുറ ൩൦: ൨൨-൩൩, പാട്ടു. ൧:൩, ൧ യോഹ ൨:൨൭)

# ൧൦—ാം സംഗതി.

## ✝ പട്ടത്വത്തെക്കുറിച്ചു.

പട്ടക്കാർ ഭൂമിക്കടുത്തവരെ സ്വർഗ്ഗത്തിനടുത്തവരും മൃഗസ്വഭാവികളെ ദൈവസ്വഭാവികളും ആക്കിത്തീർക്കുന്നതിനുള്ള വഴികാട്ടികളും കാണപ്പെടാവതല്ലാത്ത ദൈവത്തിന്റെ സ്ഥാനാപതികളും (൨ കോറി ൫: ൨൦.) തന്റെ സഭയ്ക്കു ഏല്പിക്കപ്പെട്ടിരിക്കുന്ന വിശുദ്ധ കൂദാശകളെ ശുശ്രൂഷിക്കുന്നവരും ആകുന്നു. (അപ്പോ. പ്ര. ൨൦: ൨൮) ഒരുത്തനും സ്വ

ദയായം തനിയ്ക്കായിട്ട് ഈ സ്ഥാനത്തെ പ്രാപിപ്പാൻ കഴിയുന്നതല്ല. (എബ്രാ ൫:൪.) ദൈവത്തിന്റെ ഇഷ്ടപ്രകാരം തിരഞ്ഞെടുക്കപ്പെടുന്നവരും, മ്ശിഹായാൽ നിന്നുള്ള കൈവെപ്പു വഴിയായി മേല്പട്ടക്കാരിൽ നിന്നു കൈവെപ്പു പ്രാപിച്ചവരുമായവർക്കു മാത്രം അതു് ഇരിക്കുന്നതാകുന്നു (൧ തിമോ ൪: ൧൪; യോഹ ൨൦: ൨൨-൨൩; അപ്പോ: ൧൩: ൨-൩.; ൨ തിമൊ ൨: ൨ തീത്താ ൧: ൫.) ഇപ്രകാരം ഉള്ള കൈവെപ്പും അനുവാദവും കൂടാതെ ഒരുത്തനും സഭയിൽ ശുശ്രൂഷ ചെയ്വാനോ പരസ്യമായി പ്രസംഗിപ്പാനോ അധികാരമില്ല. (റോമ ൧൦: ൧൫) സഭയുടെ പട്ടത്വത്തിനടുത്ത മേലധികാരം അന്ത്യോക്യാസിംഹാസനത്തിന്മേൽ വാഴുന്ന മോറാൻ മോർ ഇഗ്നാത്യോസ് പാത്രിയർക്കീസ് ബാവാതിരുമനസ്സിലെക്കു ഇരിക്കുന്നതാകുന്നു. പട്ടത്വത്തിനടുത്തവർ സുന്നഹദോസുകളാലെങ്കിലും താന്താങ്ങളുടെ മേലധികാരികളാലെങ്കിലും തള്ളപ്പെടുകയോ മുടക്കപ്പെടുകയോ ചെയ്യാതിരിക്കുമ്പോൾ അയോഗ്യരായിരുന്നാലും അവരാൽ ശുശ്രൂഷിക്കപ്പെടുന്ന കൂദാശകളുടെ ഫലത്തെക്കുറിച്ചു സംശയിക്കയോ അവയിൽ സംബന്ധിക്കാതിരിക്കുകയോ ചെയ്വാൻ ഒരുത്തനും ന്യായമില്ല. (മത്താ ൨൩: ൨-൩) ശുദ്ധമുള്ള അഭിഷേകം അവരാൽ ഉള്ളതുകൊണ്ടും കൂദാശകൾ മ്ശിഹായുടെ നാമത്താൽ ശുശ്രൂഷിക്കപ്പെടുന്നവയാകകൊണ്ടും അവയുടെ ഫലം അവയെ ശുശ്രൂഷിക്കുന്ന പട്ടക്കാരന്റെ [illegible] കൊണ്ടും അല്ല അന്തരത്തോടും സത്യവിശ്വാസത്തോടും കൂടെ അവയിൽ സംബന്ധിക്കുന്നവർക്ക് അവയുടെ ഫലം ലഭിക്കയും അയോഗ്യതയോടെ ശുശ്രൂഷിക്കുന്ന പട്ടക്കാർക്കോ അവ ശിക്ഷാവിധിക്കായി തീരുകയും ചെയ്യുന്നു. (ലേവ്യ ൨൧; ൧൨ മത്താ. ൭: ൨൨-൨൩) എന്നാൽ ദോഷികളായി കണ്ടെത്തപ്പെടുന്നവരെ മുടക്കേണ്ടതും മുടക്കിയതിന്റെ ശേഷം അവർ യാതൊരു കൂദാശകളും കഴിച്ചുകൂടാത്തതും ശങ്ക തീർന്നു കഴിക്കുന്നവരോടു കൂടെ വിശ്വാസികളും സംബന്ധിച്ചുകൂടാത്തതുമാകുന്നു. (മത്തായി. ൧൮: ൧൭ ൧ കോറി. ൫: ൧൧)

---

# ൧൧-ാം സംഗതി.

## വിവാഹത്തെക്കുറിച്ചു.

വിവാഹം എന്നതു പുരുഷനും സ്ത്രീയും തമ്മിൽ വേർതിരിയാത്തവിധം ... അവരെ ബന്ധിക്കയും അവർക്കു ഏവരുടെ സം

തികാംക്ഷം ദൈവത്തിൽ നിന്ന് അനുഗ്രഹങ്ങളും വാഴ്വുകളും കൊണ്ടുക്കുകയും ചെയ്യുന്ന ഒരു വിശുദ്ധക്രുദാശയാകുന്നു. വിവാഹം നല്ലതും (എബ്രാ. ൧൩: ൪) വിവാഹം ചെയ്യരുതെന്ന് ഒരുത്തനോടും വിരോധിച്ചുകൂടാത്തതുമത്രെ. (൧ തിമോ ൪: ൩) എന്നാൽ തന്റെ ഭാൎയ്യ ജീവനോടിരിക്കെ വേറൊരു സ്ത്രീയെക്കൂടെ വിവാഹം കഴിക്കുകയോ സഭയാൽ അംഗീകരിക്കപ്പെട്ടിരിക്കുന്ന ഹുദായുടെ കാനോനാൽ വിവരിച്ചിരിക്കുന്ന കാരണങ്ങളാൽ ഒഴികെ തന്റെ ഭാൎയ്യയെ ഉപേക്ഷിക്കുകയോ അതിൽ വിരോധിച്ചിരിക്കുന്ന സംബന്ധമുറകളിൽ നിന്ന് വിവാഹം കഴിക്കുകയോ ചെയ്യാൻ ഒരുത്തനും ന്യായമല്ല. (മത്തായി ൧൯: ൪-൬, ലേവി ൧൮) വിവാഹം ഒരു ഉടമ്പടി എന്നുമാത്രമല്ല (റോമ ൭: ൨) ഒരു വിശുദ്ധ ക്രുദാശയും ആകുന്നു. പുരുഷനും സ്ത്രീ വിവാഹം പറഞ്ഞു ബന്ധിക്കപ്പെടുന്നതും അവർ ഇരുവരും ഒരു ശരീരമായി ഇണചേൎക്കപ്പെടുന്നതും ദൈവത്താൽ ആകകൊണ്ടു ദൈവത്തിന്റെ സ്ഥാനാപതിയായ പട്ടക്കാരൻ കൂടാതെ വിവാഹക്രുദാശ നിവൎത്തിക്കപ്പെടാവുന്നതുമല്ല. (മത്തായി ൧൯: ൬, സുഭാ: ൧൯: ൧൪)

---

# ൧൨-ാം സംഗതി.

## രോഗികളുടെ തൈലാഭിഷേകത്തെക്കുറിച്ച്.

ഒരുത്തനുവേണ്ടി ഒരുത്തൻ പ്രാൎത്ഥിക്കയും (യാക്കോ. ൫-൧൬) ൧ തെസ്സ. ൧: ൨) തമ്മിൽ തമ്മിൽ ഭാരം വഹിക്കയും ചെയ്യേണ്ടതുകൂടാതെ (ഗലാ: ൬: ൨) രോഗികളായവൎക്കുവേണ്ടി പ്രത്യേകം പ്രാൎത്ഥിക്കയും പട്ടക്കാർ രോഗികളോട് ഗുണദോഷിച്ച് ആത്മാവിൽ ധൈൎയ്യപ്പെടുത്തുകയും അവരുടെ ആത്മാവിന്റെയും ശരീരത്തിന്റെയും സ്വസ്ഥതയ്ക്കുവേണ്ടി പ്രാൎത്ഥിക്കയും കൎത്താവിന്റെ നാമത്താൽ അവരെ സൈത്തു പൂശുകയും ചെയ്യേണ്ടതാകുന്നു. മേല്പട്ടക്കാരാലോ കന്തീലായുടെ ക്രമപ്രകാരം സൈത്തു ശുദ്ധീകരിപ്പാൻ അനുവാദം ലഭിച്ചിട്ടുള്ള പട്ടക്കാരാലോ ശുദ്ധീകരിക്കപ്പെടുന്നതും കൃപയുടെ എണ്ണയെന്നു പേർ പറയപ്പെടുന്നതുമായ ഈ സൈത്തു രോഗികളുടെ മേൽ പൂശുന്നതും ഈ ക്രുദാശ നിവൎത്തിക്കുന്നതും മരണനേരത്താൽ ഉണ്ടാകുന്ന സാത്താന്റെ പരീക്ഷകളെ ജയിക്കുന്നതിനു രോഗികളെ ധൈൎയ്യപ്പെടുത്തുവാനും ഈ ലോക

...ഗാരങ്ങളെ ഉപേക്ഷിച്ച് തങ്ങളുടെ ആത്മാക്കൾ ദൈവകൃപയാകുന്ന ഉടുപ്പുകൊണ്ടു പ്രകാശപ്പെട്ടിരിക്കണമെന്ന കാണിപ്പാനും പാപമോചനത്തിനും മാത്രമല്ലാ, കർത്താവിന് ഇഷ്ടമുണ്ടെങ്കിൽ രോഗശാന്തിക്കു കൂടെ ഒരു കാരണമായി തീരുവാനും ആകുന്നു. (യാക്കോ. ൫·൧൪-൧൫, മാർക്കൊ ൬:൧൩.)

# ൧൩—ാം സംഗതി.

## ശവസംസ്കാരത്തെക്കുറിച്ചു.

മനുഷ്യൻ ശരീരത്തോടുകൂടെയിരിക്കുമ്പോൾ ചെയ്യുന്ന നന്മയ്ക്കും തിന്മയ്ക്കും ഉയിർപ്പിന്റെ ശേഷം പ്രകൃതിവ്യത്യാസത്തോടു കൂടെയെങ്കിലും ശരീരത്തോടുകൂടെ തന്നെ ഭാഗ്യമോ ശിക്ഷയോ അനുഭവിക്കുന്നതാകുന്നു അതിനാൽ മരിച്ചുപോകുന്ന ആളുകളുടെ ശരീരങ്ങളെ മൃഗങ്ങളുടേതുപോലെ യാതൊരു കർമ്മവും പ്രാർത്ഥനയും കൂടാതെ കുഴിച്ചിടുന്നതു യോഗ്യമല്ല. (൧ കൊരി. ൧൫:൫൨ ൨ കൊരി. ൫-൧൦;) എന്നുമല്ലാ, നമുക്ക് [illegible] ഉള്ളതിനാൽ (൧ തെസ്സ, ൪-൧൩) മേല്പട്ടക്കാർ, [illegible], അശ്ശെമ്മാശികൾ മുതലായവരെ അവരവരുടെ [illegible] പോലെ സഭയിൽ നിയമിക്കപ്പെട്ടിരിക്കുന്ന കർമ്മങ്ങളോടും പ്രാർത്ഥനകളോടും കബറടക്കേണ്ടതും, മരിച്ചവരെ കബറടക്കുന്നതിൽ വളരെ താല്പര്യവും ഭക്തിയും ഉണ്ടായിരിക്കേണ്ടതും ആകുന്നു. അപ്രകാരം തന്നെ ക്രിസ്ത്യാനികളുടെ കുട്ടികൾ മാമോദീസാ ഏൽക്കാതെ മരിക്കുന്നതിന്ന ഇടയായാൽ അവർ വിശ്വാസികളുടെ മക്കളാകകൊണ്ട് അവരെയും പ്രാർത്ഥനയോടുംകൂടെ കബറടക്കേണ്ടതാകുന്നു.

# ൧൪—ാം സംഗതി.

## പ്രാർത്ഥനയെക്കുറിച്ചു.

പ്രാർത്ഥന എന്നതു മനുഷ്യർ തങ്ങളുടെ സ്രഷ്ടാവിന്റെ കർത്തവ്യത്തിൻ തന്റെയും നിന്ന് അനുഭവിക്കുന്ന നന്മകളെയും തിരിച്ചറിഞ്ഞു

സ്തുതിപാടി തന്റെ ഇഷ്ടം സമ്പാദിക്കയും തങ്ങളുടെ ആത്മാക്കളുടെ രക്ഷയ്ക്കും ശരീരത്തിന്റെ പുലച്ചക്കും ആവശ്യമുള്ള കാൎയ്യങ്ങളെ തന്നോടു ചോദിച്ചുവാങ്ങിക്കകയും ചെയ്യാനായിട്ടു തങ്ങളുടെ ഹൃദയങ്ങളെ സ്രഷ്ടാവായ ദൈവത്തിങ്കലേക്കു ഉയൎത്തി തന്നോടു കൂടെ സംസൎഗ്ഗം ചെയ്യുന്നതാകുന്നു. പൊതുവെ എല്ലാവൎക്കും, ചേരുന്നതായി അതാതു ദിവസങ്ങളിലും യാമങ്ങളിലും പ്രാൎത്ഥിപ്പാൻ വേണ്ടി ഓരോ വിശുദ്ധ പിതാക്കന്മാരാൽ ഉണ്ടാക്കപ്പെട്ടതും വിശുദ്ധ സഭയിൽ പൊതുവെ അംഗീകരിച്ചു നടത്തിച്ചുവരുന്നതുമായ പ്രാൎത്ഥനയ്ക്കു സാധാരണയായി പരസ്യപ്രാൎത്ഥനയെന്നു പേർ പറയപ്പെടുന്നു. ഓരോരുത്തനു പ്രത്യേകമായി ദൈവം ചെയ്തുകൊടുക്കുന്ന നന്മകൾക്ക് അവനവൻ ദൈവത്തിനു വിശേഷാൽ നന്ദി പറയുകയും താന്താങ്ങൾക്കു തന്നതായുള്ള ആവശ്യങ്ങളെ യാചിക്കകയും ചെയ്യുന്നതിനു രഹസ്യപ്രാൎത്ഥനയെന്നും പേർ പറയപ്പെടുന്നു. ഈ രണ്ടു വിധത്തിലുള്ള പ്രാൎത്ഥനകളും ഭക്തിയോടും വിശ്വാസത്തോടും കൂടെ കഴിക്കേണ്ടതാകുന്നു. (യാക്കോ. ൧൬: ൮.) മത്താ ൨൧: ൨൨) സാധാരണയായ പരസ്യപ്രാൎത്ഥന പള്ളികളിലും അതിനു കഴിവില്ലാത്തപക്ഷം ഭവനങ്ങളിലും ഒന്നിച്ചു കൂടുവാൻ കഴിവുള്ളവർ ഒക്കെയും ഒന്നിച്ചു കൂടി പ്രാൎത്ഥിക്കുന്നതും വളരെ യോഗ്യമായിട്ടുള്ളതത്രെ. (അപ്പോ. ൧: ൧൪ മത്തായി. ൧൮: ൨൦) നമ്മുടെ കൎത്താവിന്റെ കല്പനപ്രകാരം കാനോനായിലും പള്ളിക്രമങ്ങളിലും ചട്ടപ്പെടുത്തിയിരിക്കുന്നപ്രകാരവും പതിവായി നിന്നുകൊണ്ടു പ്രാൎത്ഥിക്കകയും മുട്ടുകുത്തി വന്ദിക്കകയും കുമ്പസാരം, പട്ടാഭിഷേകം, പെന്തിക്കൊസ്തി ഞായറാഴ്ചകളിലെ ശുശ്രൂഷ മുതലായ ചില ദിവസങ്ങളിലും സമയങ്ങളിലും മുട്ടുകുത്തി പ്രാൎത്ഥിക്കകയും ചെയ്യേണ്ടതാകുന്നു. ഞായറാഴ്ചകളിലും മാറാനായ പെരുനാളുകളിലും ഉയിൎപ്പു ഞായറാഴ്ച മുതൽ പെന്തിക്കൊസ്തി ഞായറാഴ്ച വരെയുള്ള ദിവസങ്ങളിലും മുട്ടുകുത്തി വന്ദിപ്പാൻ ന്യായമില്ലാത്തതിനാൽ അപ്രകാരം ആചരിക്കേണ്ടതുമാകുന്നു (ലൂക്കോ. ൧൮: ൧൦-൧൩; മൎക്കൊ. ൧൧: ൨൫)

---

# ൧൫-ാം സംഗതി.

---

## നോമ്പിനെക്കുറിച്ചു്.

നോമ്പു ദൈവം ആദ്യമെ ആദിമ്മിനു കൊടുത്തിരുന്ന കല്പനയും (ആദ്യ; ൨: ൧൭) യെഹൂദസഭയിൽ ദൈവകല്പനപ്രകാരം നടത്തിവന്ന

ന്നു. (യോവേ ൨: ൧൨; സഖറി: ൮–൭ ൺ ൧൯) നമ്മുടെ കത്താവു കല്പിച്ചും പ്രവൃത്തിച്ചും പഠിപ്പിച്ചിരിക്കുന്നതു് (മത്താ. ൪: ൨; ൯: ൧൫) തന്റെ ശ്ലീഹന്മാർ ആചരിച്ചു വന്നതും ശുദ്ധ മുള്ള സഭയിൽ കല്പിച്ചു സ്ഥിരപ്പെടുത്തി നടന്നു വരുന്നതും ആകുന്നു. (അപ്പോ. ൧൩: ൨) എന്നാൽ തിന്മകളിൽ നിന്നു ഒഴിഞ്ഞു് ആത്മാവിലും കൂടെ നോമ്പു നോൽക്കാതെ ഭക്ഷണങ്ങളിൽ നിന്നു് ഒഴിഞ്ഞു ശരീരത്തിൽ മാത്രം നോമ്പു നോറ്റാൽ പോരാത്തതത്രെ. [മത്താ. ൬: ൧൬; ഏശ. ൫൮; സഖ ൭: ൫) നോമ്പിന്റെ അന്തരം ജഡകാര്യങ്ങളെക്കാൾ ആത്മകാര്യങ്ങളെ വിചാരിക്കേണ്ടതെന്നു പഠിപ്പിപ്പാനും ജഡമോഹങ്ങളെ കീഴടക്കി ആത്മാവിനെ പുഷ്ടിയാക്കുവാനും ജഡമോഹങ്ങളെ നിരോധിച്ചുകൊണ്ടു് ആത്മാവിനെ ദൈവകാര്യങ്ങളിലേക്കു് ഉണർത്തുവാനും സാത്താനെ ജയിക്കുന്നതിനു ഒരു ആയുധമായിരിപ്പാനും അത്രെ. ഉദരസ്നേഹം അനേകം പാപങ്ങളുടെ മാതാവാകയാൽ അതിൽ നിന്നു് ഉണ്ടാകാവുന്ന പാപങ്ങളെ തടുപ്പാൻ നോമ്പു് ഒരു നല്ല വഴിയും ആകുന്നു. (പ്രലി ൨: ൧൯, മത്താ. ൧൭: ൨൧) അതിനാൽ ആഴ്ചതോറും ബുധനാഴ്ചയും, വെള്ളിയാഴ്ചയും നോമ്പായി ആചരിക്കേണ്ടതു കൂടാതെ കഷ്ടാനുഭവ ആഴ്ച ഉൾപ്പെടെ അൻപതുനോമ്പു്, ഇരുപത്തഞ്ചുനോമ്പു്, പതിനഞ്ചുനോമ്പു്, ശ്ലീഹാനോമ്പു്, മൂന്നുനോമ്പു്, ഇങ്ങനെ അഞ്ചുനോമ്പുകളും [illegible] നിശ്ചയിച്ചിരിക്കുന്നു (ലൂക്കൊ ൨൭: ൧൨) അവയുടെ കാലങ്ങളിൽ [illegible] മത്സ്യമാംസം ആദിയായവയിൽ നിന്നു് ഒഴിഞ്ഞിരിക്കേണ്ടതും ദിവസം ഒരു നേരം ഭക്ഷിക്ക, ഉച്ച വരെ ഉപവസിക്ക മുതലായ വ്രതങ്ങൾ അവനവന്റെ ശക്തിപോലെയും സഭയുടെ ചട്ടക്കെട്ടുപോലെയും അനുഷ്ഠിക്കേണ്ടതുമാകുന്നു. ൧ കോറി ൭: ൫, ൨ ശമുവേൽ ൧: ൧൨: ദാനി: ൧൭)

---

# ൨൩-ാം സംഗതി.

## ഞായറാഴ്ചകളെയും മാറനായ പെരുനാളുകളെയും കുറിച്ചു.

നമ്മുടെ കർത്താവിന്റെ ഉയർത്തെഴുന്നേല്പു്, തന്റെ അത്ഭുതപ്രവൃത്തികൾ, വി. റൂഹാ സഭയുടെ ശുദ്ധീകരണം മുതലായവയുടെ ഓർമ്മയ്ക്കും ഞായറാഴ്ചകളെയും തന്റെ ജനനം, മാമോദീസാ, ദൈവാലയത്തി

ൽ തന്നെ കാഴ്ച വെച്ചതു് മുതലായ സംഗതികളുടെ ഓൎമ്മയ്ക്കു മാറാനായ [പ്രധാന] പെരുനാളുകളായി നിശ്ചയിച്ചിരിക്കുന്ന തീയതികളെയും ഭക്തിയായും ബഹുമാനത്തോടും ആചരിക്കണമെന്നു ശുദ്ധമുള്ള ശ്ലീഹന്മാരും സഭാപിതാക്കന്മാരും ശട്ടം കെട്ടിയിരിക്കുന്നു ഈ ദിവസങ്ങളിൽ ലോകവേലകളിൽ നിന്നു് ഒഴിഞ്ഞിരിക്കേണ്ടതു, കൎബ്ബാന വേദപുസ്തകവായന, പ്രാൎത്ഥന, ദൈവഗീതങ്ങൾ മുതലായ ആത്മിക വേലകളിൽ ഉൾപ്പെട്ടിരിക്കേണ്ടതും ആകുന്നു. (൧ കോറി ൧൧:൨൦, അപ്പോ: പ്ര ൨൦:൭-൧൮) ഈ വിശുദ്ധദിവസങ്ങളെ ക്രിസ്തീയമൎയ്യാദപ്രകാരം അല്ലാതെ യഹൂദമൎയ്യാദപ്രകാരമോ പുറജാതിമൎയ്യാദപ്രകാരമോ ആചരിക്കയോ അവയിൽ ആത്മികവേലകളിൽ സംബന്ധിക്കാതെ മടിയായിരുന്നു സമയം വ്യൎത്ഥം ചിലവഴിക്കയോ ചെയ്യരുതാത്തതുമാകുന്നു. (൧ കോറി ൭-വ്യ. കോലൊ ൨-൧൮.)

---

# ൧൭ -ാം സംഗതി.

## പരിശുദ്ധന്മാരുടെ ഓൎമ്മ ദിവസങ്ങളെക്കുറിച്ചു.

ദൈവമാതാവു്, ശ്ലീഹന്മാർ, സഹദേന്മാർ, പരിശുദ്ധന്മാർ, പരിശുദ്ധസ്ത്രീകൾ, എന്നിവരുടെ ഓൎമ്മ കഴിക്കേണ്ടതു മുറയും യോഗ്യവും ആകുന്നു. [ന്യായാ-൧൧:൪൦; സങ്കീ ൧൧൨:൬ മത്താ. ൨൩:൨൯; ലൂക്കാ ൧:൪൮] അവരുടെ ഓൎമ്മ നമുക്കു് അനുഗ്രഹത്തിനും അവരുടെ പ്രാൎത്ഥന സഹായവും ആയിരിക്കും. മാറാനായ പെരുനാളുകളെപ്പോലെ ആചരിക്കേണ്ടവയായി നിശ്ചയിച്ചിരിക്കുന്ന ചില ദിവസങ്ങളിൽ അല്ലാതെ ഈ ഓൎമ്മ ദിവസങ്ങളിൽ ഒക്കെയും വേലകാൎയ്യങ്ങളിൽ നിന്നു മുടങ്ങിയിരിക്കേണമെന്നില്ലെങ്കിലും, കൎബ്ബാന, പ്രത്യേക നമസ്കാരം മുതലായവ കഴിക്കയും (സുഭാ: ൧൦:൭) അതാതു പരിശുദ്ധന്മാരുടെ വിശ്വാസസ്ഥിരതയെയും നടപടികളെയും കുറിച്ചു് ധ്യാനിക്കയും അവരുടെ പിന്നടികളിൽ നടപ്പാൻ ശ്രമിക്കയും ചെയ്യേണ്ടതാകുന്നു. (എബ്രാ ൧൩:൭. എബ്രാ ൧൨:൧)

---

# ൧൭—ാം സംഗതി.

## ദൈവമാതാവിനെക്കുറിച്ച്.

വചനമായ ദൈവം മാലാഖായുടെ അറിയിപ്പോടുകൂടെ കന്യകയുടെ ഗർഭത്തിൽ ജഡമായിത്തീരുകയും ഗർഭത്തിൽ വെച്ചു തന്നെ (ലൂക്കാ: ൧: ൩൧.) ദൈവത്വവും മനുഷ്യത്വവും തമ്മിൽ ഒരിക്കലും വേർതിരിയപ്പെടാത്തപ്രകാരം ഒന്നിക്കപ്പെട്ടുകയും (൧ തിമോ. ൩:൧൬) (ഗലാത്ത:൪:൪) പൂർണ്ണദൈവവും പൂർണ്ണമനുഷ്യനുമായ അമ്മാനുവേലിനെ കന്യക പ്രസവിക്കുകയും ചെയ്തതിനാൽ (ഏശാ ൭:൧൪.) അവളെ ദൈവമാതാവെന്നു വിളിക്കപ്പെടേണ്ടതാകുന്നു. ശുദ്ധമുള്ള കന്യക തന്റെ ഗർഭപാത്രം ദൈവപുത്രനു സിംഹാസനമായി തീരുവാൻ തക്കവണ്ണം യോഗ്യമുള്ളവളായി തീർന്നതിനാൽ (ലൂക്കാ ൧:൪൩) പുരുഷനെ അറിയാതെ എന്നേക്കും കന്യകയായിരിക്കുകയും ചെയ്തു. (യാഹ: ൧൮: ൨൩–൨൦, ഹെസ. ൪൪:൧, ൩) മാലാഖായുടെ വചനപ്രകാരം, ഈ വിശുദ്ധ മാതാവിന് നാം ഭാഗ്യം കൊടുക്കുകയും നമുക്കുവേണ്ടിയുള്ള അവളുടെ പ്രാർത്ഥനയ്ക്കായി പ്രത്യേകം വാഞ്ഛിക്കയും ചെയ്യേണ്ടതാകുന്നു. [ലൂക്കാ ൧:൪൭]

# ൧൮—ാം സംഗതി.

## പരിശുദ്ധന്മാരോടുള്ള പ്രാർത്ഥനയെക്കുറിച്ച്.

മരിച്ചുപോയ പരിശുദ്ധന്മാർ ആത്മാവിൽ ജീവനുള്ളവരാകയാൽ [ലൂക്കാ:൨൦:൩൭, ൧ പത്രോ ൩:൧൮] ജീവനോടിരിക്കുന്ന പരിശുദ്ധന്മാരെപ്പോലെ തന്നെ അവരെയും മിശിഹായുടെ നിമിത്തം ബഹുമാനിക്കയും സ്നേഹിക്കയും ചെയ്യേണ്ടതു മുറയാകുന്നു. അവർ കർത്താവിന്റെ ഇഷ്ടന്മാരാകയാൽ അവരെ നാം സ്നേഹിക്കയും ബഹുമാനിക്കയും ചെയ്യുന്നതു കർത്താവിനെ ബഹുമാനിക്കയും സ്നേഹിക്കയും ചെയ്യുകയാകുന്നു [മത്താ. ൧൦:൪൦–൪൧] അബ്രഹാം, ഇസ്ഹാക്ക്, യാക്കോബ്, ദാവീദ് മുതലായ ദൈവത്തിന്റെ ഇഷ്ടന്മാരായ പൂർവ്വപിതാക്കന്മാരെ ഓർത്തു ഞങ്ങളോടു കരുണയുണ്ടാകണമേ എന്ന് അവരുടെ സന്തതികൾ പ്രാർത്ഥിക്കയും ദൈവം അതിനെ കേട്ടു അവരുടെ യാചനകൾ നൽകുകയും ചെയ്ത പ്രകാരം ആത്മാവിൽ നമ്മെ ജനിപ്പിച്ചവരും ജീ

വൻെറ വഴി നമുക്കു കാണിച്ചുതന്നവരും മ്ശിഹായ്ക്കുവേണ്ടി തങ്ങളുടെ രക്തം ചിന്തിയവരുമായ പരിശുദ്ധന്മാരോടൊത്തു ഞങ്ങളോടു കരുണയുണ്ടാകണമേ. എന്നു നാം പ്രാർത്ഥിക്കുന്നതു നല്ലതും ദൈവത്തിൻെറ മുൻപാകെ കൈക്കൊള്ളപ്പെടുന്നതുമാകുന്നു. (അറ്വ. ൻ:൨൧; ഏശ. ന൧:ന൭) മരണം എന്നതു് ആത്മാവും ശരീരവും തമ്മിലുള്ള വേർതിരിവ് എന്നല്ലാതെ ആത്മാവിനെ ഇല്ലാതാക്കുന്ന ഒരു സംഭവം അല്ലാത്തതിനാലും (സങ്കീ ഫന:ർ, പ്രസംഗം ഫവ:൧, യോഹ. വ്വ:൯ഫ) പരിശുദ്ധന്മാരുടെ ആത്മാക്കൾ ദൈവം അവർക്കു കൊടുത്തിട്ടുള്ള അച്ചാരമായ ശുദ്ധമുള്ള റൂഹായുടെ നൽവരങ്ങളോടുകൂടെ (യോഹ. ഫർ: ഫന്വ) സന്തോഷങ്ങളുടെ സ്ഥലത്തു ഇരുന്നുകൊണ്ടു (ലൂക്കോ: ൨ന: ർന, പിലി ഫ:൨ഫ-൨ന) മാലാഖമാരെപ്പോലെ ദൈവത്തെ സ്തുതിക്കയും, ലോകത്തിൽ ഇവരുടെ രക്ഷയ്ക്കുവേണ്ടി അനുഗ്രഹിക്കയും പ്രാർത്ഥിക്കയും ചെയ്യുന്നതിനാലും ഈപ്രകാരമുള്ള പരിശുദ്ധന്മാരോടു നിങ്ങൾ ഞങ്ങൾക്കു വേണ്ടി ദൈവത്തോടു അപേക്ഷിപ്പീൻ എന്നു പറയുന്നതു പ്രയോജനമുള്ളതാകുന്നു. (യോബ് ഫന: ഫൻ,൨൦, സങ്കീ. ന൦:ഫവ, ഫ൨൯:ഫ൧-ഫവ്വ, സഖറി: ഫ:ഫവ, ലൂക്കാ. ഫന:ൻ,൨൧, യറ: നഫ: ഫ൯; ഫ൯:ഫ,ന്യായം ഫന: ഫ൧, മത്താ ൨൧:ർന-ർൻ)

ദൈവം പരിശുദ്ധന്മാരുടെ അപേക്ഷയിൽ മാത്രമല്ല, അവരുടെ സഹായത്തെ യാചിക്കുന്നവരുടെ വിശ്വാസത്തിലും ആന്തരത്തിലും കൂടെ സൂക്ഷിച്ച് അവരുടെ യാചന നൽകുന്നവനാകുന്നു. അതിനാൽ ഏതുവിധം വിചാരിച്ചാലും പരിശുദ്ധന്മാരോടുള്ള പ്രാർത്ഥന വളരെ നല്ലതും പ്രയോജനമുള്ളതുമാകുന്നു. (അപ്പോ: പ്ര: ൯:ഫർ-ഫന്വ) നാം പരിശുദ്ധന്മാരെ ദൈവത്തിനു സമന്മാരാക്കാതെ തൻെറ ഇഷ്ടന്മാരെന്നുള്ള സ്ഥിതിയിൽ അവരോടു ചെയ്യുന്ന സങ്കടവും ദൈവത്തിൻെറ മുമ്പാകെ നല്ലതും പ്രസാദമുള്ളതുമാകുന്നു. (മത്താ ൨൯:ർ൦) ലോകത്തിൽ നടക്കുന്ന സംഗതികളെ ദൈവദൂതന്മാരും പരിശുദ്ധന്മാരുടെ ആത്മാക്കളും അറിയുന്നതു ദൈവം അവർക്കു കൊടുത്തിട്ടുള്ള ആത്മശക്തിയാൽ അല്ലാതെ ദൈവത്തെപ്പോലെ സ്വഭാവേനയുള്ള സർവ്വവ്യാപിത്വം മൂലം അല്ല. (൨ ശമു. ഫർ:൨൦, ലൂക്കാ ഫ൯: ഫ൦ എബ്രാ ഫവ:൨൨-൨ർ, യറ.ന ഫ:ഫ൯.) സാത്താൻെറ വീഴ്ചയ്ക്കുമുമ്പ അവനുണ്ടായിരുന്ന ഈ ശക്തി അവൻെറ വീഴ്ചയുടെ ശേഷവും അവനിൽനിന്നു എടുത്തുകളയപ്പെടാതിരിക്കുമ്പോൾ പരിശുദ്ധന്മാർക്കും പരിപൂർണ്ണന്മാരായ ശുദ്ധിമാന്മാരുടെ ആത്മാക്കൾക്കും തങ്ങളെ സംബന്ധിച്ച കാര്യ

ങ്ങളും പോലും അറിവാനുള്ള ശക്തി കൊടുക്കപ്പെട്ടിട്ടില്ലെന്നു പറയുന്നതു ദൈവത്തെയും, തന്റെ ദാസന്മാരേയും അപമാനിക്കയത്രെ. (മത്താ: ൪: ൩, ആദ്യ. ൩: ൧, യോബു ൧) അന്യോന്യമുള്ള പ്രാർത്ഥന കല്പിക്കപ്പെട്ടിരിക്കുന്നതാകയാലും മരിച്ചുപോയ പരിശുദ്ധന്മാരും ജീവനോടിരിക്കുന്നവരും മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതും പ്രാർത്ഥിപ്പാനായിട്ടു അവരോടു പറയുന്നതും മ്ശിഹായുടെ ഏക മദ്ധ്യസ്ഥത വഴിയായിട്ടല്ലാതെ അതിനു എതിരായിട്ടോ അതിനെ നിഷേധിച്ചിട്ടോ അല്ലായ്കയാലും പരിശുദ്ധന്മാരോടുള്ള പ്രാർത്ഥന യാതൊരു പ്രകാരത്തിലും മ്ശിഹായുടെ ഏക മദ്ധ്യസ്ഥതയുടെ ശക്തിയെ കുറയ്ക്കുന്നതോ നിന്ദിക്കുന്നതോ ആയി തീരുന്നതല്ല. എന്തെന്നാൽ മരിച്ചുപോയ പരിശുദ്ധന്മാരോടു "നിങ്ങൾ ഞങ്ങൾക്കുവേണ്ടി അപേക്ഷിപ്പീൻ" എന്നു പറയുന്നതിനാൽ മ്ശിഹായുടെ മദ്ധ്യസ്ഥതയെ നിന്ദിക്കുന്നുണ്ടെങ്കിൽ ജീവനോടിരിക്കുന്നവരോടു നിങ്ങൾ ഞങ്ങൾക്കുവേണ്ടി അപേക്ഷിപ്പീൻ എന്നു പറയുന്നതിനാലും, ആ മദ്ധ്യസ്ഥതയെ നിന്ദിക്കയത്രെ. അതിനാൽ ജീവനോടിരിക്കുന്നവരുടെ മദ്ധ്യസ്ഥത മ്ശിഹായുടെ മദ്ധ്യസ്ഥതയെ നിന്ദിക്കുന്നില്ലെന്നും മരിച്ചുപോയ പരിശുദ്ധന്മാരുടെ മദ്ധ്യസ്ഥത നിന്ദിക്കുന്നുവെന്നും പറയുന്നവരുടെ യുക്തി ഭേദ്യമായി വരുന്നതു് എങ്ങനെയെന്നു അറിവാൻ വളരെ പ്രയാസം. എന്നാലോ തമ്മിൽ തമ്മിലും മരിച്ചുപോയ പരിശുദ്ധന്മാരോടുമുള്ള പ്രാർത്ഥന ആദികാലം മുതലേ പതിവുള്ളതാകുന്നതും വേദസത്യത്തിനു ചേരുന്നതും ശുദ്ധമുള്ള സഭയാൽ ഇന്നോളവും നടത്തിവരുന്നതും ഇതിനാൽ വളരെ പ്രയോജനമുള്ളതായി കണ്ടുവരുന്നതും ആകയാൽ ഇതിനെ ഭക്തിപൂർവ്വം നടത്തേണ്ടതു മുറയും ആവശ്യവും ആകുന്നു.

---

# ൨൦-ാം സംഗതി.

## മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനയെക്കുറിച്ചു്.

നമ്മുടെ കർത്താവു മനുഷ്യനായി ജനിച്ചതും നോമ്പുനോറ്റതും തന്നെത്താൻ ബലി നൽകിയതും പാതാളത്തിലേക്കിറങ്ങി പ്രസംഗിച്ചതും ഉയിർത്തെഴുന്നേറ്റു സ്വർഗ്ഗത്തിലേക്കു കരേറി തന്റെ പിതാവിന്റെ വലത്തുഭാഗത്തു ഇരുന്നുകൊണ്ടു മദ്ധ്യസ്ഥത പറയുന്നതും ആയ തന്റെ സകല നടപടികളും ആദ്യം മുതൽ അവസാനത്തോളം വരെയുള്ള സകല മനുഷ്യർക്കും വേണ്ടിയത്രെ. (റോമ ൫: ൧൮ ൧ പത്രൊ. ൩: ൧൯, യോ

ഹെ. ൧൭: ൨൦, ലൂക്കാ ൬: ൧൪-൧൯.) താൻ ഇവയൊക്കെ പ്രവൎത്തിച്ചതും പ്രവൃത്തിക്കുന്നതും തന്റെ സൃഷ്ടികളായ മനുഷ്യരോടുള്ള സ്നേഹത്തിന്റെ പൂൎണ്ണതനിമിത്തം അവരെ രക്ഷിപ്പാൻ വേണ്ടി കൃപയോടും നീതിയോടും കൂടിയ ഒരു പ്രതിശാന്തി ഉണ്ടാകുവാനും (൧ പത്രൊ. ൨:൨൪) സകല മനുഷ്യൎക്കും കുറ്റമില്ലാത്തതും കുറവില്ലാത്തതുമായ ഒരു നല്ല ദൃഷ്ടാന്തം നൽകുവാനും ആകയാൽ പൂൎണ്ണസ്നേഹത്തിന്റെ ലക്ഷണപ്രകാരം നാമും നമ്മുടെ ഗുരുവായ രക്ഷകൻ നമുക്കു കാണിച്ചുതന്നിരിക്കുന്ന മാതൃകപോലെ ആദാം മുതലുള്ള സകല മനുഷ്യരുടേയും രക്ഷയ്ക്കുവേണ്ടി ആഗ്രഹിക്കയും അപേക്ഷിക്കയും, ചെയ്യേണ്ടിയവരാകുന്നു. (൧ പത്രൊ: ൨: ൨൧, യോഹ ൧൩: ൧൫) തലയായിരിക്കുന്ന മ്ശിഹാ ആദാം മുതൽ അവസാനം വരെയുള്ള സകല മനുഷ്യരെയും തന്റെ ശരീരമായി കണക്കിട്ട് അവരുടെ എല്ലാവരുടേയും കാൎയ്യം അനുഷ്ഠിക്കുന്ന പ്രകാരം ആദാം മുതൽ അവസാനം വരെയുള്ളവരായ എല്ലാവരും തമ്മിൽ തമ്മിൽ അവയവങ്ങളാകയാൽ അവയവങ്ങളെപ്പോലെ അന്യോന്യഭാരം വഹിക്കയും ഒരുത്തനുവേണ്ടി ഒരുത്തൻ അപേക്ഷിക്കയും ചെയ്വാൻ ന്യായമാകുന്നു. (എഫെ. ൫: ൨൩-൨൯; ൧ കൊ. ൧൨: ൧൨-൨൭, ഗലാ ൬:൨) നാം നമുക്കുവേണ്ടിയും ജീവനോടിരിക്കുന്ന നമ്മുടെ സഹോദരൎക്കുവേണ്ടിയും "ഞങ്ങളുടെ പാപങ്ങളെ ഞങ്ങളോടു ക്ഷമിക്കണമെ" എന്നു അപേക്ഷിക്കുന്നതു നാം ഇനിയും ജഡത്തിൽ ജീവിച്ചിരുന്നു നന്മയിൽ വളരാവുന്നവരാകയാൽ നമ്മോടു ക്ഷമിപ്പാൻ ന്യായമുണ്ടെന്നുള്ള ആന്തരത്തിൽ അല്ലായ്കിലും തിരികെ ജീവിക്കുമെന്ന് ആശയില്ലാത്തപ്രകാരം മരണശയ്യത്തിൽ കിടക്കുന്ന രോഗികളുടെ പാപമോചനത്തിനുവേണ്ടി അപേക്ഷിക്കുന്നതു മേലാൽ അവർ ജഡത്തിൽ ജീവിച്ചിരുന്നു നന്മ ചെയ്വാൻ സംഗതിയാക്കിക്കൊണ്ടു അവരുടെ കഴിഞ്ഞ പാപങ്ങളെ ക്ഷമിക്കണമെന്നല്ലല്ലൊ, മരിക്കുന്നുവെങ്കിലും ജീവിക്കുന്നുവെങ്കിലും ചെയ്തുപോയ പാപങ്ങൾക്കു മോചനം യാചിക്കുന്നതു ദൈവം തന്റെ കൃപമൂലം ക്ഷമിക്കണമെന്നത്രെ. അപ്രകാരം തന്നെ മരിച്ചുപോയ നമ്മുടെ സഹോദരന്മാൎക്കുവേണ്ടി അപേക്ഷിക്കുന്നതും തന്റെ കൃപമൂലം അവൎക്കു മോചനം നൽകണമെന്നത്രെ. ന്യായവിധിയുടെദിവസം വരെ കൃപയുടെ കാലമായി ദൈവം നിശ്ചയിച്ചിരിക്കുന്നതു ജീവനോടിരിക്കുന്നവൎക്കു മാത്രമല്ല, മരണശയ്യത്തിൽ കിടക്കുന്നവൎക്കു മാത്രവുമല്ല, ആശയുള്ളവരായി മരിച്ചുപോയവൎക്കും കൂടെയത്രെ. (ശുമ. ൨: ൨൦, സങ്കീ: ൧൦൨: ൧൦-൧൨. (൧ പത്രൊ: ൩: ൧൯) മരിച്ചവൎക്കുവേണ്ടിയുള്ള പ്രാൎത്ഥനയും ബലിയും യഹൂദസഭയിൽ നടത്തിവന്നതും (ആവ

൨൧:൩) ൨ മക്കാ ൧൨:൪൨-൪൬, ൪൩) നമ്മുടെ കൎത്താവു പ്രവൃത്തിയാൽ കൂടെ ചെയ്തു പഠിപ്പിച്ചിട്ടുള്ളതും (൯൦-ാം സംഗതിയുടെ ആദ്യ സാക്ഷി നോക്കുക.) തന്റെ ശ്ലീഹന്മാർ നടത്തിവന്നതും ശുദ്ധമുള്ള സഭയിൽ ആദ്യകാലം മുതൽ ഇന്നേവരെ നടത്തിവരുന്നതും അത്രെ. (൨ തിമോ: ൧: ൨൩-൧൮: ൧ കോറി ൧൫: ൨൯ അപ്പോ: ൨൦:൧൦.) മരിച്ചുപോയവൎക്ക നമ്മുടെ പ്രാൎത്ഥന മുഖാന്തിരം രക്ഷയ്ക്കുള്ള അംശം വൎദ്ധിക്കയും പാപങ്ങൾ മോചിക്കപ്പെട്ട ആശ്വാസം ലഭിക്കയും ചെയ്യുന്നതാകുന്നു. അതിനാൽ മരിച്ചവൎക്കുവേണ്ടിയുള്ള പ്രാൎത്ഥന എത്രയും യോഗ്യമുറയും പ്രയോജനമുള്ളതും അത്രെ. എന്നാൽ ഞാൻ ജീവനോടിരിക്കുമ്പോഴും മരിച്ചതിന്റെ ശേഷവും മറ്റുള്ളവർ എനിക്കുവേണ്ടി അപേക്ഷിച്ചുകൊള്ളുമല്ലൊ എന്നുള്ള വിചാരത്തോടുകൂടെ ജഡമയനായി ഒരുത്തൻ നടക്കുന്നുവെങ്കിൽ ആയു മരണത്തിനുള്ള പാപങ്ങളിൽ ഒന്നുമായാൽ സകല പരിശുദ്ധന്മാരും ദീൎഘദൎശിമാരും ലോകത്തിലുള്ളവരൊക്കെയും അവനുവേണ്ടി അപേക്ഷിച്ചാലും അവൻ കൃപയ്ക്കു യോഗ്യനായിത്തീരുന്നതല്ല. (സങ്കീ ൧൦൮:൧൪ യറ: ൧൫:൧,൧൩:൧൩-൭,൧൬:൧) അവൻ കൃപ വൎദ്ധിപ്പാനായിട്ടു പാപത്തിൽ തന്നെ പാൎക്കയെന്നുള്ള വിപരീതയുക്തിക്ക് അനുരൂപിയാകയാൽ കൃപയറ്റവനും ആകുന്നു. എന്തെന്നാൽ ജീവനോടിരിക്കുമ്പോഴും മരിച്ചതിന്റെ ശേഷവും മറ്റുള്ളവരുടെ പ്രാൎത്ഥന മൂലം കൃപ ലഭിക്കുന്നതു മരണത്തിനല്ലാത്ത പാപങ്ങൾ ചെയ്തുപോയിട്ടുള്ളവരെങ്കിലും മശിഹായിൽ സ്ഥിരമുള്ള വിശ്വാസത്തോടുകൂടെ കൃപയ്ക്കു പാത്രവാന്മാരായി നടക്കുന്നവൎക്ക മാത്രം ആകുന്നു. (റോമ. ൩:൧)

---

# ൨൧-ാം സംഗതി.

---

## മരിച്ചുപോയവൎക്കുവേണ്ടിയുള്ള നോമ്പു, കുൎബാന, ധൎമ്മങ്ങൾ, മുതലായവയെക്കുറിച്ച്.

കൎത്താവിൽ മരിക്കുന്നവരായ മാതാപിതാക്കന്മാൎക്ക വേണ്ടിയും സഹോദരീസഹോദരിമാൎക്ക വേണ്ടിയും പ്രാൎത്ഥന കഴിക്കുന്നതു കൂടാതെ അവൎക്കുവേണ്ടി നോമ്പു നോക്കുക. (൧ ശമു. ൩൧: ൧൩; ൨ ശമു: ൧:൧൨) അവരുടെ ഓൎമ്മദിവസങ്ങളിൽ നമ്മുടെ കൎത്താവിന്റെ ബ

ലിയെ ഒപ്പിച്ചു കൃപ യാചിക്കുന്നതായ കർബാന കഴിപ്പിക്ക, (ആവ; ൩൩:൩൩) ദൈവത്തിൽ നിന്നുള്ള കൃപയ്ക്കു പാത്രീഭവിപ്പിക്കുന്നതായ ദാനധർമ്മങ്ങൾ കൊടുക്ക മുതലായവ ചെയ്യുന്നതു നല്ലതും ദൈവത്തിന്റെ മുൻപാകെ പ്രസാദമുള്ളതും ആകുന്നു. (അപ്പോ: ൧൦:൪, ദാനി: ൪: ൨൭) നമ്മുടെ കർത്താവു നടത്തീട്ടുള്ള സകല പ്രവൃത്തികളും, തന്റെ ബലിയും, ജീവനുള്ളവർക്കുവേണ്ടി മാത്രം അല്ല, മരിച്ചവർക്കുവേണ്ടിയും കൂടെയത്രെ (൨൦-ാം സംഗതിയുടെ ൫-ാം സംഗതി നോക്കുക) താൻ നമുക്കു കാണിച്ചുതന്നിട്ടുള്ള ദൃഷ്ടാന്തപ്രകാരം നാം നമുക്കുവേണ്ടിയും ജീവനോടിരിക്കുന്നവരായ ശേഷം പേർക്കു വേണ്ടിയും മാത്രമല്ല നമ്മുടെ മരിച്ചവർക്കുവേണ്ടിയും കൂടെ വിചാരത്താലും വാക്കാലും പ്രവൃത്തിയാലും നമ്മാൽ കഴിയുന്നതു ചെയ്യേണ്ടതാകുന്നു. എന്നാൽ മ്ശിഹായിൽ വിശ്വാസം ഇല്ലാതെയും ദൈവത്തിൽ നിന്നുള്ള കൃപയ്ക്കു യോഗ്യന്മാരല്ലാതെയും മരിച്ചുപോകുന്ന ആളുകൾക്കുവേണ്ടി നിത്യം കർബാന ചൊല്ലിക്കയും തങ്ങൾക്കുള്ള സമ്പത്തു മുഴുവനും ദരിദ്രന്മാരെ തീറ്റുകയും ചെയ്താലും അവർക്കു യാതൊരു പ്രയോജനവും ഉണ്ടാകുന്നതല്ല. ഇപ്രകാരമുള്ള നല്ല പ്രവൃത്തികൾ ചെയ്യുന്നവർ നല്ല ആന്തരത്തോടുകൂടെ ചെയ്യുന്നതായിരുന്നാൽ തങ്ങൾക്കു അവ ഫലമുള്ളവയായിത്തീരുകയും ചെയ്യും.

---

# ൨൮-ാം സംഗതി.

---

## തിരുശേഷിപ്പുകളെക്കുറിച്ചു.

നമ്മുടെ കർത്താവിന്റെ കബറിടത്തെയും ശുദ്ധിമാന്മാരുടെ അസ്ഥികൾ മുതലായവയെയും വണക്കമാനത്തോടും ഭക്തിയോടും കൂടെ വിചാരിപ്പാനുള്ളതാകുന്നു. (൫ രാജാ: ൧൩:൩൫; ൨ രാജാ, ൨൩:൧൭-൧൮, പുറ: ൧൩.൧൯.) നമ്മുടെ കർത്താവിന്റെ ശക്തിയേയും തന്റെ പരിശുദ്ധന്മാർക്കു കൊടുത്തിട്ടുള്ള നൽവരങ്ങളേയും ഓർത്ത് ഇവയെ ഭക്തിപൂർവം പെരുമാറുന്നവർക്കു ദൈവത്തിൽ നിന്ന് അനുഗ്രഹവും തങ്ങളുടെ രോഗങ്ങൾ മുതലായവയ്ക്കു ആശ്വാസവും ലഭിക്കുന്നതാകുന്നു. (൨ രാജാ. ൧൩:൨൧, മത്താ: ൯:൨൦-൨൨; ൧൪:൩൬, അപ്പോ. ൫: ൧൫; ൧൯:൧൨.)

---

# ൨൩—ാം സംഗതി.

## കുരിശുവരയെയും, കുരിശുവന്ദനയെയും, കുറിച്ചു.

നാം നമ്മുടെ കാവലിന്നും രക്ഷെക്കുംവേണ്ടി മ്ശിഹായുടെ കുരിശുമരണത്തിൽ സങ്കേതപ്പെടണമെന്നും തന്റെ കഷ്ടാനുഭവങ്ങളായി കുരിശിനെ എല്ലായ്പോഴും നമ്മിൽ വഹിച്ചുകൊള്ളണമെന്നും തന്റെ കുരിശു് ക്രിസ്ത്യാനികളായ നമ്മുടെ അടയാളവും പ്രശംസയും ആകുന്നു എന്നു നമ്മെ ഓൎപ്പിപ്പാനും അപ്രകാരം വിശ്വസിച്ചു പ്രവൎത്തിക്കുന്നു എന്നു അറിയിപ്പാനും വേണ്ടി കുരിശിന്റെ അടയാളം നമ്മിൽ വരെക്കേണ്ടതാകുന്നു. [ഗലാ: ൬: ൧൪; ൧ കൊറി. ൧. ൧൮ എബ്രാ: ൧൩: ൧൩. മത്തായി ൧൬: ൨൪ പിലി ൩: ൧൮] മനുഷ്യകുലം മുഴുവനും രക്ഷപെട്ടതു ദൈവപുത്രന്റെ കുരിശുമൂലം ആകയാൽ നാം അതിനെ വന്ദിക്കേണ്ടതും ആകുന്നു. നാം വന്ദിക്കേണ്ട കുരിശു, പൊന്നു, വെള്ളി, ചെമ്പു, മരം മുതലായവകൊണ്ടു കുരിശിന്റെ മാതൃകയിൽ ഉണ്ടാക്കിവെച്ചിരിക്കുന്നവ അല്ല. അവ ഓൎമ്മെക്കും അറിവിന്നുമായി ഉണ്ടാക്കപ്പെട്ടിരിക്കുന്നവയത്രെ. കുരിശു ക്രമാശ ചെയ്യപ്പെടാത്തതിന്റെ മുഖ്യകാരണങ്ങളിൽ ഒന്നു് ഇതു തന്നെയാകുന്നു എന്നാൽ കാണപ്പെടാവതല്ലാത്തവനും രൂപപ്പെടുത്താവതല്ലാത്തവനുമായ മഹാ ദൈവത്തെ നമ്മുടെ ഹൃദയത്തിന്മേൽ രൂപപ്പെടുത്തിക്കൊണ്ടു ആത്മകണ്ണാൽ നോക്കിവന്ദിക്കുന്ന പ്രകാരം ദൈവപുത്രന്റെ കുരിശിനെ ഹൃദയത്തിന്റെ പലകമേൽ രൂപപ്പെടുത്തിക്കൊണ്ടു ആത്മകണ്ണാൽ നോക്കിവന്ദിക്കേണ്ടതാകുന്നു. കുരിശിന്റെ മുമ്പാകെ വന്ദിക്കുന്നതു് കുരിശിൽ തറെക്കപ്പെട്ട കൎത്താവിനെയും തന്റെ കുരിശുമരണത്തെയും വന്ദിക്കയത്രെ. സാക്ഷിയുടെ പെട്ടിക്കു മുമ്പാകെ ദാവീദു ചെയ്ത സകലവും വിഗ്രഹാരാധനയായി വിചാരിക്കപ്പെടാതെ ദൈവത്തിന്റെ മുമ്പാകെ ചെയ്തതായി എണ്ണപ്പെട്ടപ്രകാരം തന്നെ കുരിശിന്റെ മുമ്പാകെ കൎത്താവിനെയും തന്റെ കുരിശുമരണത്തെയും വന്ദിക്കുന്നതു വിഗ്രഹാരാധനയായി വിചാരിക്കപ്പെടാതെ അനുഗ്രഹമായിട്ടു എണ്ണപ്പെടുന്നതാകുന്നു. [എബ്രാ. ൧൧: ൨൧, ൨ ശമു. ൬: ൧൪-൨൩] വന്ദിപ്പാനായി ബിംബങ്ങളെ ഉണ്ടാക്കുകയും അവയെ വന്ദിക്കുകയും ചെയ്യരുതെന്നല്ലാതെ (പുറ: ൨൦: ൪-൫, ൨ രാജാ ൧൮: ൪) വേദപുസ്തകസംഭവങ്ങളുടെ ഓൎമ്മെക്കും അറിവിന്നും പള്ളികളുടെ അലങ്കാരത്തിന്നും വേണ്ടി കുരിശു മുതലായ സാമാനങ്ങളെ ഉണ്ടാക്കാമല്ലൊ [പുറ: ൨൫: ൧൮; സംഖ്യ ൨൧: ൮; ൧ രാജാ: ൬: ൨൩-൨൭] പള്ളി

കളെയും പള്ളിഉപകരണങ്ങളെയും ബഹുമാനത്തോടും ഭക്തിയോടും കൂടെ പെരുമാറുന്നതും യാതൊരു പ്രകാരത്തിലും വിഗ്രഹാരാധനയായി വിചാരിക്കപ്പെടുന്നതല്ല. (ലേവ്യ: ൧൧: ർ,൫ ശമു. ൬; ദാനി ൯;)

# ൫൪-ാം സംഗതി.

## കന്യാവ്രതത്തെക്കുറിച്ച്

വിവാഹം ചെയ്യരുതെന്ന് ഒരുത്തനോടും വിരോധിച്ചു കൂടാത്തതെങ്കിലും (൧ തീമോ. ർ: ൩) ഒരുത്തൻ തന്റെ സ്വന്തമനസ്സാൽ വിവാഹം ഉപേക്ഷിച്ചു തന്റെ ആത്മാവിനേയും ശരീരത്തേയും ദൈവത്തിന്റെ മുൻപാകെ വെടിപ്പോടു കൂടെ കാത്തു ദൈവത്തിന്റെ വേല ചെയ്യുന്നു എങ്കിൽ ഏറ്റം നല്ലതാകുന്നു. (൧ കോറി ൭:൭) ൩൨, ൩൩. മത്താ. ൧൯: ൧൨) ഒരുവൻ കന്യാവ്രതനേർച്ചയിൽ ഉൾപ്പെട്ടതിന്റെ ശേഷം തന്റെ ആ നേർച്ചയെ ഉപേക്ഷിച്ച് വിവാഹം ചെയ്താൽ ഇതു മൂലം രക്ഷയ്ക്ക് അയോഗ്യനായി തീരുന്നില്ലെങ്കിലും കുറ്റമില്ലാത്തവനായി വിചാരിക്കപ്പെടുന്നതല്ല. അപ്രകാരമുള്ളവരെ സഭയിൽ അവർക്കുള്ള ബഹുമാനത്തിൽ നിന്ന് സ്ഥാനത്തിൽ നിന്നും താഴ്ത്തേണ്ടതുമാകുന്നു. ൧ തീമോ: ൫: ൧൨)

# ൫൫-ാം സംഗതി.

## പട്ടക്കാരുടെ വിവാഹത്തെക്കുറിച്ച്.

വിവാഹം അശുദ്ധമുള്ളതായിട്ടല്ല. [എബ്രാ. ൧൩: ർ.] എന്നാൽ പാത്രിയർക്കീസ്, കാതോലിക്കാ, മെത്രാൻ മുതലായ സ്ഥാനികൾ സഭയുടെ പ്രത്യേക മുഖ്യതലക്കാരും ഭാരവാഹികളും സമാധാനവും അതിനുവേണ്ടി താല്പര്യപ്പെടേണ്ടിയവരും ആകയാൽ ഇപ്രകാരമുള്ളവർ ജഡമോഹങ്ങളിൽ നിന്ന് ഒഴിഞ്ഞ് തങ്ങളുടെ ദേഹത്തേയും ദേഹിയേയും മുഴുവനും ദൈവികാവശ്യങ്ങൾക്കായി ഒഴിഞ്ഞുകൊടുത്തിരിക്കുന്ന നല്ല പതിവ്രതയുള്ള വ്രതക്കാർ ആയിരിക്കണമെന്നും (൫ർ-ാം സംഗതി ൫-ാം സാക്ഷി നോക്കുക) പള്ളികളിൽ ഇരിക്കുന്ന കശീശന്മാർ പുരുഷന്മാരോടെ

ന്നപോലെ തന്നെ സ്ത്രീകളോടും അടുത്തുപെരുമാറേണ്ടിവരും. മനുഷ്യസ്വഭാവം ബലഹീനമുള്ളതും പരീക്ഷയാൽ അകപ്പെട്ടുവാൻ എളുപ്പമുള്ളതും ആകയാൽ (൧ കൊരി. ൭: ൯-൩൯,) അവർ വിവാഹം ചെയ്യുവരും പുനർ വിവാഹത്തിലും വിധവാവിവാഹത്തിലും ഉൾപ്പെടാത്തവരുമായ ഉത്തമന്മാർ ആയിരിക്കണമെന്നും സഭ നിശ്ചയിച്ചിരിക്കുന്നതു് എത്രയും യുക്തമായിട്ടുള്ളതാകുന്നു. [൧ തിമോ ൩: ൨; ലേവ്യ ൨൧ ൧൩-൧൪: തീത്തൊ ൧: ൬; ൧ കൊരി: ൭: ൭-൨൭]

---

# ൨൩-ാം സംഗതി.

## മനുഷ്യന്റെ ആത്മാവിനെക്കുറിച്ചു്.

ദൈവം മനുഷ്യന്റെ ശിക്ഷയും രക്ഷയും നിശ്ചയിച്ചിരിക്കുന്നതു ശരീരത്തിനും ആത്മാവിനും കൂടെ അല്ലാതെ ശരീരത്തിനു മാത്രമോ ആത്മാവിനു മാത്രമോ അല്ല (മത്താ ൧൦: ൨൮) ശരീരം ദൈവത്തിന്റെ സൃഷ്ടിയായിരിക്കുന്ന പ്രകാരം ആത്മാവും തന്റെ സൃഷ്ടിയത്രെ (ആദ്യ ൧ ൨൭, സഖ്യ ൧൨: ൧) ആത്മാ ദേഹവും ബുദ്ധിയോടുകൂടിയതും അവസാനം ഇല്ലാത്തതുമായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. എങ്കിലും തുടക്കം ഇല്ലാത്തതല്ല. എന്നാൽ ആത്മാവു ദൈവത്തിന്റെ ഒരു അംശം അല്ലാതെ സൃഷ്ടിക്കപ്പെട്ടതല്ലെന്നും അതിനാൽ ആത്മാ ശിക്ഷയ്ക്കു പാത്രമായിത്തീരുന്നതല്ലെന്നും ചിലർ പറയുന്ന ഉപദേശം വലിയ വേദവിപരീതവും മനുഷ്യരെ വലിയതായ ആപത്തുകളിലേക്കു വലിച്ചു കൊണ്ടുപോകുന്നതും അത്രെ.

---

# ൨൪—ാം സംഗതി.

## പാപത്തെക്കുറിച്ചു്.

ആദ്യപാപം മൂലം സകല മനുഷ്യരും ശിക്ഷാവിധിക്കു യോഗ്യന്മാരായിത്തീർന്നു കൂടാതെ കർമ്മപാപം മൂലവും സകലരും ദൈവസന്നിധിയിൽ കുറ്റക്കാരായിരിക്കുന്നു. [റോമ. ൫: ൧൨; ൩: ൯-൧൨ ഗലാ. ൩: ൨൨. സങ്കീ. ൫൧: ൫. ൧ യോഹ ൧: ൮: ൧ രാജാ ൮: ൪൬. പ്ര

സംഗം ൭: ൨൧) മനുഷ്യരിൽ ഒരുത്തൻപോലും പാപം ഇല്ലാത്തവൻ ഇല്ലെങ്കിലും പാപം എന്നതു മനുഷ്യരിൽ പ്രകൃതിയാലെ സൃഷ്ടിക്കപ്പെട്ടിട്ടുള്ളതല്ല. (പ്രസംഗം ൭: ൨൯) അതു കല്പന സംബന്ധമായുള്ളതും കല്പനലംഘനത്താൽ ഉണ്ടായതും അത്രെ. (൧ കോറി ൧൫: ൫൬ റോമ ൪: ൧൫ ൫: ൧൩. മനുഷ്യർ നന്മയോ തിന്മയോ ചെയ്യുന്നതു. തനിക്കുള്ള സ്വാതന്ത്ര്യം മൂലം അല്ലാതെ സൃഷ്ടിപ്പിലുള്ള പ്രകൃതിവ്യത്യാസത്താൽ അല്ല ദൈവം ഒരുത്തനേയും പാപിയായി സൃഷ്ടിച്ചിട്ടില്ല. (ആവ; ൧: ൨൩-൨൮; ൩൦: ൧൫-൨൦) ബലബന്ധത്താൽ ഒരുത്തനെക്കൊണ്ടു നന്മയോ, തിന്മയോ ചെയ്യിച്ചുകൊണ്ടു് അതിനു പ്രതിപകരം കൊടുക്കുന്നതുമില്ല. (യാക്കോ; ൧: ൧൩, ൨൪: ൧൫. ൧ പത്രോ ൪: ൨; യെശ. ൧. ൧൬-൨൦; ൨ കോറി ൯:൭) എന്നാലോ നന്മയും തിന്മയും ഇന്നതെന്നു് അറിയിക്കയും നന്മയിലേക്കു തിരിയുന്നതിന്നും നന്മ ചെയ്യുന്നതിന്നും അനുഗ്രഹിക്കയും സഹായിക്കയും തിന്മ ചെയ്യുന്നതിൽ ഇഷ്ടം ഇല്ലായ്കയാൽ ആയതിന്നു സഹായിക്കാതെ (മീഖാ. ൬:൮, ൧ തിമൊ. ൨:൪. റോമ. ൮:൨൮.) അവനവന്റെ ഇഷ്ടത്തിന്നു വിട്ടുകൊടുക്കയും ചെയ്യുന്നു; (അപ്പൊ. ൧൪: ൧൬. സങ്കീ. ൮൧:൧൨) ഒരുത്തനേക്കൊണ്ടും ബലബന്ധത്താൽ പാപം ചെയ്യിക്കുന്നതിന്നു സാത്താന്നും അധികാരം കൊടുത്തിട്ടില്ല. (യാക്കോ ൪:൭) സാത്താൻ മനുഷ്യരെ പാപത്തിലേക്കു വീഴിക്കുന്നതു് അവന്റെ വശീകരണത്താൽ മാത്രം ആകുന്നു. (എഫേ: ൬: ൧൧.) വിശ്വാസം, നല്ല പ്രവൃത്തികൾ എന്നവയ്ക്കു വലിപ്പച്ചെറുപ്പം ഉള്ള പ്രകാരം തന്നെ പാപത്തിന്നും വലിപ്പച്ചെറുപ്പം ഉണ്ടു് (യോഹ ൧൯:൧൧) എന്നല്ലാതെ അനുതാപത്താൽ ക്ഷമിക്കപ്പെടാത്ത പാപം ഇല്ല. മരണത്തിന്നുള്ളതെന്നും ശുദ്ധമുള്ള റൂഹായ്ക്കു വിരോധമായിട്ടുള്ളതെന്നും പറയപ്പെടുന്ന പാപങ്ങൾ അനുതപിക്കാത്തവയും തങ്ങളെ നിരാശ്രയത്തിലേക്കു തള്ളിക്കളവാൻ എളുപ്പമുള്ളവയും മറ്റുള്ളവരുടെ പ്രാർത്ഥനയാൽ മാത്രം ക്ഷമിക്കപ്പെടാത്തവയുമായ പാപങ്ങൾ ആകുന്നു. അതിനാൽ യാതൊരു പാപത്തെക്കുറിച്ചും നിരാശപ്പെടാതെ പ്രത്യേകം ഹൃദയതകർച്ചയോടും നിലവിളിയോടും കൂടെ കരുണയുള്ള ദൈവത്തോടു് അനുതപിക്കേണ്ടതാകുന്നു. (യാ: ൩:൧൨.)

# ൨൭-ാം സംഗതി.

## അനുതാപത്തെക്കുറിച്ചു.

ഒരുത്തൻ താൻ ചെയ്തുപോയ പാപത്തെക്കുറിച്ചു അനുതപിക്കാതിരിക്കയും മേലാലും അതിൽ നിന്നു വിട്ടുമാറുവാൻ മനസ്സില്ലാതെ അതിൽ തന്നെ നിലനിൽക്കയും ചെയ്യുമ്പോൾ അപ്രകാരമുള്ളവന്റെ പാപം മരണത്തിനുള്ളതെന്നും ശുദ്ധാത്മാവിന്നു വിരോധമായിട്ടുള്ളതെന്നും പറയപ്പെടുന്നു (ലൂ: ൧൨: ൧൦, ൧ യോഹന്നാൻ ൫: ൧൬, മത്താ. ൧൨: ൩൧-൩൨ എബ്രാ. ൬: ൪, ൫, ൬) എങ്കിലും ഏതു പാപിയും സത്യ അനുതാപത്തോടു കൂടെ ദൈവത്തിങ്കലേക്കു തിരിയുന്നു എങ്കിൽ അവന്റെ പാപങ്ങൾ ഏതു വിധമുള്ളവയായിരുന്നാലും ക്ഷമിക്കപ്പെടാതിരിക്കയില്ല സത്യ അനുതാപം എന്നതു ചെയ്തുപോയ പാപങ്ങൾക്കു വേണ്ടി ദുഃഖിച്ചു മാപ്പു ചോദിക്കയും ചെയ്തുവരുന്ന പാപങ്ങളിൽ നിന്നു ഒഴികയും മേലാൽ ദൈവത്തിന്നു ഇഷ്ടമാംവണ്ണം പരമാർത്ഥമുള്ള അനുസരണത്തിൽ നടക്കേണമെന്നു മനസ്സിൽ ഉറയ്ക്കയും ചെയ്യുന്നതാകുന്നു. ഏതു പാപിക്കും അനുതാപത്തിന്റെ വാതിൽ അടയ്ക്കപ്പെടുവാനുള്ളതല്ല. (ഏശാ ൧: ൧൮; ൧ യോഹ ൧: ൯; മീഖാ; ൭: ൧൮-൧൯; യെഹെ ൩൩; ൧൪; ൧൫; ൧൬; യിറമി ൩: ൧൨) മാമോദീസായ്ക്കു പിമ്പുള്ള പാപങ്ങൾ ശുദ്ധാത്മാവിന്നു വിരോധമായുള്ളവയും മരണത്തിന്റെ പാപങ്ങളും ആകയാൽ അവ ക്ഷമിക്കപ്പെടുകയില്ലെന്നുള്ള നവവാദത്തിന്റെ ഉപദേശം പോലെ വിശ്വസിക്കയോ നിരാശ്രയപ്പെട്ടു അനുതാപത്തിൽ നിന്നു പിൻവലിക്കയോ ചെയ്യാതെ ഏതു സമയത്തും ഏതു സ്ഥിതിയിലും ചെയ്തുപോയിട്ടുള്ള സകല വിധ പാപങ്ങളെക്കുറിച്ചു നല്ല ശരണത്തോടും സത്യവിശ്വാസത്തോടും കൂടെ അനുതപിച്ചു കരുണയുള്ള ദൈവത്തിങ്കലേക്കു അടുത്തു ചെല്ലുന്നതാകുന്നു. (മത്താ ൧൮: ൨൧-൨൨; ൨൬: ൭൪-൭൫)

---

# ൨൮-ാം സംഗതി.

## നീതീകരണത്തെക്കുറിച്ചു.

പ്രവൃത്തികൾ കൂടാതെ വിശ്വാസം ജീവനില്ലാത്തതായിരിക്കുന്ന പ്രകാരം തന്നെ (യാക്കോ. ൨: ൧൭-൨൬;) നല്ല ആചാരത്തിൽ [illegible]

വിശ്വാസത്തിൽ നിന്നും അല്ലാത്ത പ്രവൃത്തികളും ജീവനില്ലാത്തവയാകുന്നു. (റോം; ൧൪;൨൩; മത്താ ൭:൨) മനുഷ്യവർഗ്ഗത്തിന്മേലുള്ള ദൈവത്തിന്റെ കൃപ പക്ഷവാദം ഇല്ലാത്തതും എല്ലാവർക്കും ഒന്നുപോലെ കൊടുക്കുന്നതും ആകുന്നു. ഒരുത്തൻ താൻ സൌജന്യമായി കൃപ കൊടുക്കയും മറ്റൊരുത്തന്നു കൊടുക്കാതിരിക്കയുമില്ല. അതിനാൽ മനുഷ്യന്നു നീതീകരിക്കപ്പെടുന്നതു പ്രവൃത്തികൾ കൂടാത്ത വിശ്വാസത്താൽ മാത്രമോ വിശ്വാസം കൂടാത്ത പ്രവൃത്തികളാൽ മാത്രമോ സൌജന്യമായ കൃപയാൽ മാത്രമോ അല്ല (റോം. ൩:൨൮, ൧൧:൧൧, ൧൨:൧൩, എന്നാലും സൌജന്യമായ കൃപ മൂലം പ്രവൃത്തികളോടുകൂടിയ വിശ്വാസത്താൽ അത്രെ. യാക്കോ (൨:൨൧, ൨൨, എഫെ: ൨:൮)

---

# ൩൦—ാം സംഗതി.

## ശിക്ഷയ്ക്കും രക്ഷയ്ക്കും ഏറക്കുറവുണ്ടെന്നുള്ളതിനെക്കുറിച്ച്.

സകല മനുഷ്യരുടെയും വിശ്വാസവും നീതിയും ഒരു അളവിൻ പ്രകാരം അല്ല. അങ്ങിനെ തന്നെ എല്ലാവരുടെയും പാപങ്ങളും ഒരു അളവിൻപ്രകാരം അല്ല. വിശ്വാസം, നീതി, പാപം എന്നിവയ്ക്കു വലിപ്പച്ചെറുപ്പം ഉണ്ട്. (റോമ. ൧൨:൩; മത്താ; ൮: ൧൦; ൧൪:൩൧; ൫:൨൨ ൬: ൩, യോഹ ൧൯:൧൧.) ന്യായവിധിയുടെ ദിവസത്തിൽ ദൈവം മനുഷ്യർക്ക ശിക്ഷയും രക്ഷയും കൊടുക്കുന്നതും എല്ലാവർക്കും ഒന്നുപോലെ അല്ല. അവനവന്റെ വിശ്വാസത്തിന്റെയും പ്രവൃത്തികളുടേയും അളവിൻ പ്രകാരം കൂടുതൽ കുറവായിട്ടത്രെ. (മത്താ: ൬:൨ ലൂ ൧൨:൪൭-൪൮; ൧ കൊരി ൧൫ ൪൧-൪൨ യോഹ. ൧൪:൨) ആയതു നിത്യശിക്ഷയും നിത്യരക്ഷയും ആകുന്നു (മത്താ ൨൫: ൪൬; യോഹ ൩:൧൬,൩൬) ഒരുത്തൻ നന്മയിൽ നിന്നു തിന്മയിലേക്ക തിരിയുന്നു എങ്കിൽ അവന്റെ മുൻചെയ്തതെ നന്മയും തിന്മയിൽ നിന്നു നന്മയിലേക്ക തിരിയുന്നു എങ്കിൽ അതിൽ അവന്റെ മുൻചെയ്തതെ തിന്മയും ഓർക്കപ്പെടുന്നതല്ല. എന്നാലും അതിൽ അവനവൻ നിവൃത്തിയായുള്ള നന്മയുടെയോ തിന്മയുടെയോ വലിപ്പച്ചെറുപ്പം പോലെ നിത്യരക്ഷയെ നിത്യശിക്ഷയെ, അനുഭവിക്കുന്നതാകുന്നു. [ഹെസ. ൧൮: ൨൧; ൨൪] കരുണയും നീതിയും നിറഞ്ഞിരിക്കുന്നതായ ദൈവത്തിന്റെ ഈ നിശ്ചയം അനന്താചിക്കുന്ന ആശയും താല്പര്യവും ജനിപ്പിക്കുന്നതത്രെ. എന്നാൽ രക്ഷ

ദൈവത്തിന്റെ മുൻനിയമം അനുസരിച്ചു സൌജന്യമായ കൃപമൂലം ആകയാൽ എല്ലാവൎക്കും ഒന്നുപോലെ ആകുന്നു എന്നുള്ള ചാലരുടെ ഉപദേശം നീതിമാനായ ദൈവത്തെ നീതിയില്ലാത്തവനാക്കിത്തീൎക്കുന്നതാകുന്നു (ലൂക്കാ ഫ൫: ഫ൭; ഫവ, ഫൻ)

---

# ന ഫ—ാം സംഗതി.

## ഉയിൎപ്പിനെക്കുറിച്ചു.

മരണത്താൽ ആത്മാവും ശരീരവും തമ്മിൽ വേൎതിരികയും ശരീരം പൂഴിയായി തീരുകയും ചെയ്യുന്നു. എങ്കിലും അവസാനദിവസത്തിൽ ശരീരം വീണ്ടും ഉയിൎത്തെഴുനെല്പുകയും ആത്മാവും ശരീരവും തമ്മിൽ ഒന്നിച്ചു ചേൎന്നു നാശമില്ലായ്മയെ ധരിക്കയും നിത്യരക്ഷയോ നിത്യശിക്ഷയോ അനുഭവിക്കയും ചെയ്യുന്നതാകുന്നു. (ഏശ. വന്ന: ഫൻ; ദാനി. ഫവ: വ; യോഹ. ൫: വവ റോമ ന്നു: ൫; ഫ കോറി. ഫ൫. ഹെസ: നവ) ഇപ്രകാരം അല്ലാതെ ചില വേദവിപരീതികളെപ്പോലെയും പുറജാതികളെപ്പോലെയും ഉയിൎപ്പില്ലെന്നോ നീതിമാന്മാൎക്ക മാത്രമെ ഉയിൎപ്പുള്ളു എന്നോ ഉയിൎപ്പു എന്നു പറയുന്നതു ആത്മാവു ഒരു ശരീരത്തിൽ നിന്നു വേറൊരു ശരീരത്തിലേക്ക പ്രവേശിക്കയാകുന്നു എന്നോ, യാതൊരു പ്രകാരത്തിലും വിശ്വസിച്ചു പോകരുതാത്തതത്രെ.

---

# ന വ—ാം സംഗതി.

## സ്വാതന്ത്ര്യസൃഷ്ടി, മുന്നറിവു, മുൻനിയമം.
## എന്നിവയെക്കുറിച്ചു

മനുഷ്യൻ പ്രകൃതിയാലെ നന്മയിലേക്കൊ തിന്മയിലേക്കൊ ചായുന്നതായ ഒരു സ്വഭാവം ഉള്ളവനെങ്കിലും അതിനെ അവനവന്റെ മനസ്സുപോലെ പെരുമാറാൻ തക്കവണ്ണം സ്വാതന്ത്ര്യശക്തിയോടുകൂടെ അത്രെ; സൃഷ്ടിച്ചിരിക്കുന്നതു. ഒരുവനു പാപം ചെയ്യുവാൻ സ്വാതന്ത്ര്യം ഉള്ളപ്രകാരം തന്നെ മനസ്സുണ്ടെങ്കിൽ പാപം ചെയ്യാതി

രിപ്പാനും സ്വാതന്ത്ര്യം ഉണ്ട് (ആവ: ൩൦:൧൯, ൧൧: ൨൬-൨൭) മനു
ഷ്യൻ തന്റെ സ്വാതന്ത്ര്യശക്തിയെ നന്മയിലേക്ക പെരുമാറേണമെ
ന്നു ദൈവം അനുഗ്രഹിക്കുന്നു എന്നല്ലാതെ ബലബന്ധത്താൽ ഒരുത്തനെ
ക്കൊണ്ടും നന്മയോ തിന്മയോ ചെയ്യിച്ചു കൊണ്ടു രക്ഷയോ ശിക്ഷയോ
പ്രതിഫലം കൊടുക്കുന്നില്ല. എന്നാലൊ തന്നോട ചോദിക്കുന്നവൎക്കു ന
ന്മക്കായി താൻ സഹായിക്കുന്നു. (യാക്കൊ; ൧: ൧൩, ൨൪: ൧൭, ൧ പ
ത്രൊ ൫; ൨ ഏശ ൧:൧൬-൨൦ ൨ കൊറി ൯:൭) എന്തെന്നാൽ തിന്മയെ
വെറുക്കുന്നതിനും നന്മയിലേക്ക തിരിയുന്നതിനും ദൈവം മനുഷ്യനു ദ
ൃഢബുദ്ധിയും സ്വാതന്ത്ര്യവും കൊടുത്തിട്ടുണ്ടെങ്കിലും ദൈവശക്തി
കൂടാതെ യാതൊരു നന്മയും പ്രവൃത്തിക്കുന്നതിനു മനുഷ്യൻ താനെ
തന്നെ ശക്തിയില്ലാത്തവനാകുന്നു. (യോഹ. ൧൫: ൫; അപ്പൊ; ൧൬:
൨൮) എന്നാൽ തിന്മയിൽ തനിക്ക ഇഷ്ടമല്ലാത്തതിനാൽ അതിനു
സഹായിക്കാതെ അവനവന്റെ ഇഷ്ടത്തിനു വിട്ടുകൊടുക്കുന്നു. സങ്കീ
൮൧; ൧൧; അപ്പൊ. ൧൪:൧൫, ൧: ൧൩, ൧൪-൧൫,) മനുഷ്യരിൽ
ഇന്നാരിന്നാരെല്ലാം തന്റെ പുത്രന്റെ മൂലമുള്ള കൃപയിൽ ആശ്രയിച്ചു
നിത്യജീവനു യോഗ്യന്മാരായിത്തീരുമെന്നും ഇന്നാരിന്നാരു നിത്യശി
ക്ഷയ്ക്കു യോഗ്യന്മാരായിത്തീരുമെന്നും ലോകസൃഷ്ടിക്കു മുമ്പെ തന്നെ
തനിക്ക മുന്നറിവുണ്ടെന്നല്ലാതെ (അപ്പൊ. ൨: ൨൩, റോമ ൮: ൨൯
൧൧; ൨, ൧ പത്രൊ ൧: ൨) ഇന്നാരിന്നാരു മോക്ഷത്തിനു അവകാ
ശികളും ഇന്നാരിന്നാരു നരകത്തിന്ന് അവകാശികളുമായിത്തീരണ
മെന്നു പൊതുവെ ദൈവം മുൻകൂട്ടി നിയമിച്ചിട്ടില്ല (മീഖാ. ൬:
൩-൪; എശെ ൫: ൩-൪, ൧; ൧൬-൨൦ റോമ; ൨: ൪; ൫ ;൬; ൧൧;
൨൦, ൨൧ ൨൨; താൻ മുന്നറിഞ്ഞിട്ടുള്ള ചിലരെ തന്റെ വേല
ക്കായി മുമ്പുകൂട്ടി നിയമിച്ചു ശുദ്ധീകരിപ്പാൻ തനിക്ക അധികാരവും ശ
ക്തിയും ഇല്ലെന്നും റോ, ൯: ൨൧ യറ: ൧൫) സ്ഥിരമുള്ളതായ ത
ന്റെ മുന്നറിവിൻ പ്രകാരം കൃപയ്ക്കു പാത്രവാന്മാരും തന്റെ വിളിക്കു
യോഗ്യന്മാരുമായിത്തീരുമെന്നു താൻ മുമ്പുകൂട്ടി അറിഞ്ഞിട്ടുള്ളവരെ വേ
ൎതിരിക്കയും മഹത്വപ്പെടുത്തുകയും ചെയ്തിട്ടില്ലെന്നും അല്ല; (റോമ; ൮:
൨൯-൩൦) എന്നാലൊ താൻ പക്ഷഭേദം ഇല്ലാത്തവനും (റോമ; ൨:൧൧
നീതിയും കരുണയും നിറഞ്ഞിരിക്കുന്നവനുമാകയാൽ സങ്കീ ൧൯:൯-൧൦)
താൻ ചിലരെ അവർ ദുഷ്ടന്മാരായിത്തീരുവാൻ തക്ക സ്ഥിതി
യിൽ സൃഷ്ടിക്കയും മുൻ നിയമിക്കയും ചെയ്തുകൊണ്ടു ശിക്ഷിക്കയോ
ചിലരെ അവർ നീതിമാന്മാരായിത്തീരുവാൻ തക്ക സ്ഥിതിയിൽ സൃഷ്ടി
ക്കയും മുൻ നിയമിക്കയും ചെയ്തുകൊണ്ടു രക്ഷിക്കയോ മനുഷ്യൎക്കു സ്വാ

തന്ത്ര്യം കൊടുക്കാതെ താൻ നിയമിച്ചിട്ടുള്ള പ്രകാരം നന്മയെങ്കിലും തിന്മയെങ്കിലും സകലവും അവരെക്കൊണ്ടു പ്രവൃത്തിപ്പിച്ചതിന്റെ ശേഷം ചിലരെ മോക്ഷത്തിനും ചിലരെ നരകത്തിനും അവകാശികളാക്കിത്തീൎക്കുകയോ ചെയ്യുന്നില്ലെന്നു മാത്രം ആകുന്നു എന്നാൽ മനുഷ്യൻ ഏതെല്ലാം പ്രകാരം നടന്നാലും ആയതൊക്കെയും ദൈവം തന്റെ മുൻനിയമപ്രകാരം അവരെക്കൊണ്ടു നടത്തിക്കുന്നതായാൽ ആയതു നും രക്ഷയ്ക്കും ശിക്ഷയ്ക്കും കാരണമായി ഭവിക്കുന്നതല്ലെന്നും രക്ഷയും ശിക്ഷയും കൊടുക്കുന്നതും മുൻനിയമം അനുസരിച്ചാകുന്നു എന്നുമുള്ള ചിലരുടെ ഉപദേശം, ഞാൻ എന്തെല്ലാം താല്പൎയ്യപ്പെട്ടാലും ഒന്നും താല്പൎയ്യപ്പെടാതിരുന്നാലും ദൈവത്തിന്റെ മുൻനിയമപ്രകാരം മാത്രമേ സംഭവിക്കയുള്ളല്ലോ. എന്നുള്ള ദുർവ്വിചാരം മനുഷ്യൎക്കു ജനിപ്പിക്കുന്നതാകയാൽ ആയതു നിരാശ, ആത്മകാൎയ്യങ്ങളിൽ താല്പൎയ്യക്കുറവു, അശുദ്ധനടപടികൾ മുതലായ വലിയ ആപത്തിലേക്കു മനുഷ്യരെ വലിച്ചുകൊണ്ടു പോകുന്നതും നീതിമാനായ ദൈവത്തെ നീതിയില്ലാത്തവനാക്കിത്തീൎക്കുന്നതും ആകുന്നു. (൪വാത്രം: ൪:൪൭–൨:൩:൨ നാളം; ൪൯–൭).

---

## ൩൩–ാം സംഗതി.

### വിശുദ്ധ പുസ്തകങ്ങളെക്കുറിച്ചു.

ദൈവാത്മാവു മൂലം എഴുതപ്പെട്ടവയും വിശുദ്ധ പിതാക്കന്മാർ കാനോനായിക്കൂട്ടത്തവയായി വേർതിരിച്ചു സ്ഥിരപ്പെടുത്തിയിരിക്കുന്നവയുമായ പഴയ നിയമത്തിലും പുതിയ നിയമത്തിലും ഉള്ള പുസ്തകങ്ങളെ പ്രമാണപ്പെട്ടവയായി എല്ലാവരും അംഗീകരിക്കേണ്ടതാകുന്നു.

### പഴയ നിയമത്തിലുള്ള പ്രമാണപ്പെട്ട പുസ്തകങ്ങളുടെ പേരുകളും സംഖ്യയും

മോശയുടെ പുസ്തകങ്ങൾ ൫
നൂന്റെ പുത്രനായ യേശുവിന്റെ (യോശുവാ) പുസ്തകം ൧
ന്യായാധിപതിമാരുടെ പുസ്തകം ൧
രൂഥിന്റെ പുസ്തകങ്ങൾ ൪
ശമുവേലിന്റെ പുസ്തകങ്ങൾ. ൨.

രാജാക്കന്മാരുടെ പുസ്തകങ്ങൾ ൨
നാളാഗമപുസ്തകങ്ങൾ ൨
എസ്രായുടെ പുസ്തകങ്ങൾ (നഹമിയായുടേതുംകൂടെ) ൨
മക്കബായക്കാരുടെ പുസ്തകങ്ങൾ ൩
ഇയ്യോബിൻെറ പുസ്തകം ൧
നൂററമ്പതു മസുമൂറാകൾ അടങ്ങിയ ദാവീദിൻെറ പുസ്തകം ൧
ശ്ലേമ്മോൻെറ പുസ്തകങ്ങൾ ൪
ദീർഘദർശിമാരുടെ പുസ്തകങ്ങൾ ൧൬

മേൽ വിവരിച്ചവയിൽ ശ്ലേമ്മോൻെറ നാല്പ പുസ്തകങ്ങൾ എന്നു പറഞ്ഞിരിക്കുന്നതു അവൻെറ സുഭാഷിതങ്ങളുടെ പുസ്തകത്തെ രണ്ടു പുസ്തകങ്ങളാക്കി പറഞ്ഞിരിക്കുന്നതിനാൽ അത്രെ. സുഭാ—൨൫—ാം അദ്ധ്യായം ൧-ാം വാക്യത്തിൽ ശ്ലേമ്മോൻെറ അഗാധസുഭാഷിതങ്ങൾ എന്നു തലവാചകമായി പറഞ്ഞിരിക്കുന്നതിൻ പ്രകാരം അതു മുതലുള്ളവയെ വേറൊരു പുസ്തകമായിട്ടത്രെ എണ്ണിയിരിക്കുന്നതു്. ദീർഘദർശിമാരുടെ പുസ്തകങ്ങൾ പതിനാറെന്നു പറഞ്ഞവയിൽ ദാനിയേലിൻെറ പുസ്തകം ശൂശാൻെറ കൂടെ അടങ്ങിയിരിക്കുന്നതുമാകുന്നു.

## പുതിയ നിയമത്തിലുള്ള പ്രമാണപ്പെട്ട പുസ്തകങ്ങളുടെ പേരുകളും സംഖ്യയും.

ഏവൻഗേലിയോൻ പുസ്തകങ്ങൾ ൪
പൌലൂസിൻെറ ലേഖനങ്ങൾ ൧൪
പത്രോസിൻെറ ലേഖനങ്ങൾ ൨
യോഹന്നാൻെറ ലേഖനങ്ങൾ ൩
യാക്കൂബിൻെറ ലേഖനം ൧
ഇഹൂദായുടെ ലേഖനം ൧
ക്ലീമ്മീസിൻെറ ലേഖനങ്ങൾ ൨
ശ്ലീഹന്മാരുടെ നടപ്പുകളുടെ പുസ്തകം ൧

പ്രമാണപ്പെട്ട പുസ്തകങ്ങളെ ഒപ്പോലെ സഭയിൽ അംഗീകരിക്കപ്പെട്ടിരിക്കുന്നവയെങ്കിലും, വലിയ അത്താനാസ്യോസ്, അലക്സന്ത്രിയായുടെ ദിവന്നാസ്യോസ് മുതലായവർ ചിലതിനെക്കുറിച്ചു സംശയമായിട്ടും മററുള്ളവയെ ദൈവഭക്തിയുടെ ഉപദേശത്തിന്നും പഠിത്തത്തിന്നും മാത്രം വായിക്കപ്പെടേണ്ടതായിട്ടും പറഞ്ഞിരിക്കുന്ന പുസ്തകങ്ങളുടെ വിവരം താഴെ പറയുന്നു.

ശ്ലോമോന്റെ വലിയ ജ്ഞാനപ്പുസ്തകം
ബാറസീറായുടെ പുസ്തകം
എസ്തേറിന്റെ പുസ്തകം
ഇഊദീത്തിന്റെ പുസ്തകം
തോബിയായുടെ പുസ്തകം
ശ്ലീഹന്മാരുടെ ദിയാത്തക്കിസ് പുസ്തകം
ഇടയന്മാരുടെ പുസ്തകം
യോഹന്നാന്റെ വെളിപാടു പുസ്തകം
പൌലോസിന്റെയും മററു ചിലരുടെയും വെളിപാടുകൾ
ബർനാബായുടെ ലേഖനങ്ങൾ.

ദൈവാത്മാവാൽ എഴുതപ്പെട്ടുന്ന സകല പുസ്തകങ്ങളും ഉപദേശത്തിന്നും ശാസ്ത്രത്തിന്നും, നീതിയിലുള്ള അഭ്യാസത്തിന്നും സത്യവിശ്വാസത്തിന്റെ സ്ഥിരതയ്ക്കും പ്രയോജനമുള്ളവയാകയാൽ വിശുദ്ധ സഭയിലെ ശുദ്ധിമാന്മാരായ സഭാപിതാക്കന്മാരാൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള തക്സാകൾ, മെമ്മറാകൾ, ലേഖനങ്ങൾ, പ്രസംഗങ്ങൾ, വ്യാഖ്യാനങ്ങൾ, ചരിത്രങ്ങൾ, കാനോനാകൾ മുതലായവ സഭയിൽ അംഗീകരിക്കപ്പെട്ടിരിക്കുന്നപ്രകാരം മേലാൽ ഉണ്ടാക്കപ്പെടുന്നവയും പ്രധാന മേല്പട്ടക്കാരുടെ പരിശോധനയോടുകൂടെ അംഗീകരിക്കപ്പെടാവുന്നതാകുന്നു.

---

# ൧൪-ാം സംഗതി.

## സുന്നഹദോസുകളെയും, സഭയുടെ അധികാരത്തെയും കുറിച്ച്.

നമ്മുടെ കർത്താവിന്റെയും തന്റെ ശ്ലീഹന്മാരുടെയും മരണശേഷവും പുറജാതി രാജാക്കന്മാരും പ്രഭുക്കന്മാരും ക്രിസ്തീയസഭയെ വളരെ പീഡിപ്പിച്ചുവന്നു എങ്കിലും സഭക്കാർ തങ്ങളുടെ വിശ്വാസരീതിയെ കളങ്കം കൂടാതെ സത്യത്താൽ തന്നെ മുറുകെ പിടിച്ചിരുന്നു. എന്നാൽ സഭയ്ക്കു അന്യന്മാരാൽ നിന്നുള്ള പീഡ ഒഴിഞ്ഞു ആശ്വാസം ഉണ്ടായപ്പോൾ സഭയിൽ നിന്നു തന്നെ അനേകം വേദവിപരീതികൾ എഴുന്നേററു (അപ്പോ:൨൦:൨൯-൩൦. മത്താ:൨൪:൪-൫. ൧ യോഹ ൪,൧) ശുദ്ധമുള്ള വേദവാക്യങ്ങളെ തങ്ങളു

ടെ ഹിതത്താല്. ഒത്തപ്രകാരം മറുപാട്ടായി വ്യാഖ്യാനിക്കയും നമ്മുടെ കർത്താവിന്റെയും തന്റെ ശ്ലീഹന്മാരുടെയും ഉപദേശത്തിനു വിരോധമായുള്ള ചില വിശ്വാസവിപരീതങ്ങളെ പഠിപ്പിക്കയും ചെയ്കമൂലം അന്നന്നു ഭരിച്ചുവന്ന ക്രിസ്ത്യാനി രാജാക്കന്മാരുടെ കല്പനയാൽ നിഖ്യായിലും കുസ്തന്തീനോസ്പോലീസിലും എപ്പേസൂസിലും പൊതുവിന്നടുത്ത മൂന്നു സുന്നഹദോസുകൾ കൂടുകയും അവയിൽ വച്ചു വേദവിപരീതങ്ങളെ വെളിപ്പെടുത്തി ഇടത്തുട്ടുകാരെ സഭയിൽനിന്നു പുറത്തുതിരിക്കയും സത്യവിശ്വാസരീതിയെ സ്ഥിരപ്പെടുത്തി അതിന്റെ നിലനില്പിനു വേണ്ടിയുള്ള നടപടിക്രമങ്ങളെ ചട്ടപ്പെടുത്തുകയും ചെയ്തു. അതിനാൽ നമ്മുടെ കർത്താവിന്റെയും തന്റെ ശ്ലീഹന്മാരുടെയും ഉപദേശത്തിനെ അതിന്റെ സ്ഥിരതയ്ക്കായി നിഖ്യായിലും കുസ്തന്തീനോസ്പോലീസിലും എപ്പേസൂസിലും കൂടിയ പൊതുവിന്നടുത്ത മൂന്നു സുന്നഹദോസുകളിലെ വിശുദ്ധ പിതാക്കന്മാർ നിശ്ചയിച്ചുറപ്പിച്ച വിശ്വാസരീതിക്കൊ എതിരായുള്ള യാതൊരുപദേശത്തെയും കൈക്കൊൾവാനൊ പഠിപ്പിപ്പാനൊ ഒരുത്തനും അധികാരം ഇല്ല. (ഗലം; ഫ:വ്യ—ൻ; സൂഭാ; വ.വ:വ്യ.) ഈ സത്യ ഉപദേശത്തിനും വിശ്വാസരീതിക്കും ചേരുന്നതായുള്ള കർമ്മാചാരങ്ങൾക്കടുത്ത നടപടിക്രമങ്ങളെയും മര്യാദകളെയും കാലയുക്തം പോലെയും ദേശാവസ്ഥപോലെയും ക്രമപ്പെടുത്തുവാൻ കാതോലിക്കായിക്കടുത്തതും ശ്ലീഹായ്ക്കടുത്തതുമായ നമ്മുടെ വി: സഭയിലെ മേല്പട്ടക്കാർ, പട്ടക്കാർമുതലായവർ ഒന്നിച്ചുകൂടുന്ന പൊതുവിന്നടുത്ത സുന്നഹദോസുകൾക്ക അധികാരവുംഉണ്ട്. (നട: ഫന്ന:ർ. ൧൦൦ ഫർ:ഫൻ, ഫ കോറി വ്യ: ഫവ തീത്തൊ. ഫ: ൫) മാമോദീസാ, വി: കുർബാന, വിവാഹം മുതലായ വി: കൂദാശകളിലെകർമ്മങ്ങളും ദനഹാ, ഊശാന, സ്ലീപ്പാസായുടെ വലിയാഴ്ച, ഉയിർപ്പു, പെന്തിക്കുസ്തി മുതലായദിവസങ്ങളിലെ ശുശ്രൂഷകളും സത്യ ഉപദേശത്തിനും വിശ്വാസരീതിക്കും ചേരുന്നവയും വിശുദ്ധ സഭയാൽ അംഗീകരിക്കപ്പെട്ടിരിക്കുന്ന തക്സാപ്പുസ്തകങ്ങളിൻ പ്രകാരം നടത്തിവരുന്നവയും ആകയാൽ ഇവകളെ തന്നിഷ്ടമായി ഒരുത്തനും വ്യത്യാസം ചെയ്തുകൂടാത്തതാകുന്നു. സത്യവിശ്വാസത്തിനു എതിരാളികളായി കാണപ്പെടുകയും സഭയിൽ വിരോധം ഉണ്ടാക്കുകയും സഭയുടെ നിശ്ചയങ്ങളെയും തങ്ങളുടെ മേലധികാരികളുടെ കല്പനകളെയും അനുസരിക്കാതിരിക്കയും പൈശാചികമായി നടക്കയും ചെയ്യുന്നവരെ സഭയിൽ നിന്നു തിരിച്ചു ഭ്രഷ്ടാക്കുവാൻ സഭയ്ക്കും സഭയുടെ ഭരണക്കാർക്കും അധികാരം ഉണ്ട്. സഭയിൽ നിന്നു ഭ്രഷ്ടാക്കപ്പെടുന്നവരെ സത്യമുള്ള അനുതാപത്താൽ തിരികെ കൈക്കൊള്ളുന്നതു വരെ വി

ശാപ്പാസത്തിന്ന് അന്യന്മാരെന്നപോലെ വിചാരിപ്പാനുള്ളതും ആകുന്നു. (൧ കൊറി. ൫: ൪-൫; മത്താ: ൧൮: ൧൭; ൨ കൊറി: ൨: ൬; ൭: ൮)

## മുൻകാലത്ത് എഴുന്നേററിട്ടുള്ള ചില വേദവിപരീതികളുടെ പേരുകളും അവരുടെ ഉപദേശങ്ങളുടെ ചുരുക്കവും ഇവിടെ ചേൎക്കുന്നു.

൧

ക്ഷുദ്രക്കാരനായ സീമോൻ—ഇവൻ അവന്റെ ക്ഷുദ്രങ്ങളാൽ യഹൂദന്മാൎക്ക പിതാവിന്റെയും ശമൎയയൎക്ക പുത്രന്റെയും പുറജാതികൾക്ക റൂഹാദക്കുദിശായുടെയും സാദൃശത്തിൽ കാണപ്പെട്ടുകയും ഉയൎപ്പില്ലെന്നു പഠിപ്പിക്കയും ചെയ്തുവന്നു.

൨

മന്ത്രോസ്സ്——ഇവൻ ക്ഷുദ്രക്കാരനായ സീമോന്റെ ശിഷ്യനായിരുന്നു. അവന്റെ കൈകളാൽ മാമ്മോദീസാ മുഴുകുന്നവർ മാലാഖമാരെക്കാൾ വിശേഷതയുള്ളവരായിത്തീരുമെന്ന് അവൻ പഠിപ്പിച്ചു വന്നു.

൩

സുത്രീനീനോസ്സ്—ലോകത്തെ ഉണ്ടാക്കിയതു ഏഴ മാലാഖമാരാകുന്നു. നാം നമ്മുടെ സാദൃശത്തിലും സ്വരൂപത്തിലും മനുഷ്യനെ ഉണ്ടാക്കുക എന്നു ദൈവം പറഞ്ഞതു അവരോടത്രെ. ന്യായപ്രമാണത്തെ നിയമിച്ചതു മാലാഖമാരാകുന്നു. വിവാഹം തിന്മപെട്ടവനിൽ നിന്നത്രെ. പിശാചുക്കളും ദുഷ്ടന്മാരായ മനുഷ്യൎക്ക സഹായിക്കുന്നതിനാൽ നല്ലവൎക്ക സഹായിപ്പാൻ രക്ഷകൻ വന്നു എന്നിപ്രകാരം അവൻ ഉപദേശിച്ചുവന്നു.

൪

ബാസിൽദോസു—ഗൻസാലീക്കർ എന്നു വിളിക്കപ്പെടുന്ന സൎപ്പാരാധനക്കാരുടെ വേദവിപരീതങ്ങളെ ആരംഭിച്ചതു ഇവനത്രെ. സംവത്സരത്തിന്റെ ദിവസങ്ങളുടെ എണ്ണപ്രകാരം ൩൬൫ ആകാശങ്ങൾ ഉണ്ടെന്നും കൎമ്മവികാരനടപടികളെ നാം നിവൎത്തിക്കേണ്ടതെന്നും ഇവൻ പരസ്യമായി പ്രസംഗിച്ചുവന്നു.

൫

അബിയൂനർ—മ്ശിഹായുടെ ഉത്ഭവം മറിയാമിൽ നിന്നും യൗസേപ്പിൽ നിന്നും ആകുന്നു. എന്നു ഇവർ പഠിപ്പിച്ചുവന്നു

൬

കറിയംദന്തോസ്—ഉയർപ്പിന്റെ ശേഷം ഭൂമിയിലുള്ള ഊർശ്ലേമി ൽ നാം ആയിരം സംവത്സരങ്ങൾ ഇമ്പമോഹങ്ങളെ നിവൎത്തിക്കുമെ ന്നും ലോകത്തെ ഉണ്ടാക്കിയതു മാലാഖമാർ ആകുന്നു എന്നും മ്ശിഹാ യുടെ ജനനം മനുഷ്യനടപടിപ്രകാരം ഉണ്ടായതെന്നും ഇവർ പഠിപ്പി ച്ചുവന്നു.

൭

സ്ലീത്തീദനാസു—നമ്മുടെ കൎത്താവു തന്റെ ശരീരത്തെ ആകാശ ത്തിൽ നിന്നു കൊണ്ടുവന്നതെന്നും ഒരു പനിനീർ കുപ്പിയിൽ എന്നപ്ര കാരം കന്യാസ്ത്രീയിൽ താൻ പ്രവേശിച്ചു എന്നും ഇവൻ പഠിപ്പിച്ചു വന്നു.

൮

കർദ്ദൻ—ആദിസ്വരൂപികൾ അനേകം ആകുന്നു. എന്നും ഉയി ൎപ്പില്ലെന്നും ഇവൻ പഠിപ്പിച്ചുവന്നു.

൯

മക്കോസ്—ഇവൻ പലരേയും അതിശയിപ്പാൻ തക്കവണ്ണം എബ്രായഭാഷ സംസാരിക്കയും അനേകനാമങ്ങൾ ധരിച്ചുകൊണ്ടു പ ലരേയും വഞ്ചിക്കയും ചെയ്തു.

൰

മൎക്കിയോൻ—നല്ലവനും നീതിമാനും ദുഷ്ടമായ ദുഷ്ടനും ഇങ്ങിനെ മൂന്നു ആദിസ്വരൂപികൾ ഉണ്ട്. അവരിൽ നീതിമാൻ ജഡംകൊണ്ടു സകലത്തെയും സൃഷ്ടിച്ചു പഴയനിയമത്തെ മനുഷ്യൎക്കു കൊടുക്കയും ചെയ്തു. എന്നാൽ സൃഷ്ടി ചെയ്ത നീതിമാന്റെ അടിമയിൽ നിന്നു തന്നി ൽ വിശ്വസിക്കുന്നവരെ സ്വാതന്ത്ര്യപ്പെടുത്തുവാനായിട്ടു നല്ലവന്റെ പുത്രനായ യേശുമ്ശിഹാ ഇറങ്ങിവന്നു. താൻ മനുഷ്യനായിത്തീരുക യോ കഷ്ടമനുഭവിക്കയോ ചെയ്യാതെ മായക്കാഴ്ചയായി അപ്രകാരം കാ ണപ്പെട്ടതെ ഉള്ളു. പുതിയ നിയമം കൊടുത്തതു നല്ലവനാകുന്നു. ഉയിൎപ്പും ന്യായവിധിയും ഇല്ല. എന്നിപ്രകാരം അവൻ പഠിപ്പിച്ചുവന്നു ലീഹന്മാർ ശന്തങ്ങളെയും സുവിശേഷങ്ങളിൽ ലൂക്കാസിന്റെ സുവിശേഷം മാ ത്രവും അവൻ കൈക്കൊണ്ടിരുന്നു.

൰൧

ബസ്സഫറിൻകാരനായ തിത്തിയാനൊസ്സ്—വിവാഹം വേശ്യാസംഗം ആകുന്നു എന്നു ഇവൻ പഠിപ്പിച്ചുവന്നു. നാലു എവൻഗേലിയോനംകൂടെ കൂട്ടിക്കലർത്തി ദിയത്തെസ്സെരോൻ എന്നു വിളിക്കപ്പെടുന്ന ഒരു എവൻഗേലിയോൻ ഉണ്ടാക്കുകയും അതിൽ നിന്നു വംശാവലിയേയും മ്ശിഹാ ദാവീദിന്റെ സന്തതിയിൽ നിന്നാകുന്നു എന്നു കാണിക്കുന്ന സകല ഭാഗങ്ങളെയും നീക്കുകയും ശ്ലീഹന്മാരുടെ ലേഖനങ്ങളെ വ്യത്യാസപ്പെടുത്തുകയും ചെയ്തു. ഇവന്റെ ഖവദവിപരീതത്തിന്നു ചേർന്നവക്ക് ഇത്രിക്രീത്തർ എന്നു പേരു പറയപ്പെടുന്നു.

൰൨

മന്തോനസ്—ഇവൻ ആശ്വാസപ്രദനാകുന്നു എന്നു തന്നെക്കുറിച്ചു തന്നെ പറഞ്ഞുവന്നു. അവന്നു പ്രിസ്കുലാ എന്നും മക്സമലാ എന്നും പേരായ രണ്ടു ഭാര്യമാർ ഉണ്ടായിരുന്നു. അവർ ദീർഘദർശിനികൾ എന്നു വിളിക്കപ്പെട്ടുമിരുന്നു. ആസ്യായിലുള്ള പാപ്പൂസ്സ്, തീമാൻ എന്ന നഗരങ്ങൾക്ക് ഊർശ്ലേം എന്നു പേർ വിളിച്ചുകൊണ്ടു അവിടെ അവന്റെ അശുദ്ധ ഉപദേശങ്ങളെ പഠിപ്പിച്ചുവന്നു. എന്നാൽ അവസാനം അവർ തങ്ങളുടെ സ്വന്ത കൈകളാൽ തന്നെ കൊല്ലപ്പെടുകയും ചെയ്തു.

൰൩

ബർദൈസാൻ— അഗ്നി, വെള്ളം, പ്രകാശം, വായു ഇങ്ങനെ ആദിസ്വരൂപികൾ നാലാകുന്നു. ഇവയിൽ നിന്നു ദേവന്മാരും ലോകങ്ങളും ഉണ്ടായി മോശയോടും ദീർഘദർശിമാരോടും സംസാരിച്ചതു ദൈവം അല്ല, റീശ്മാലാഖയത്രെ. മറിയം പ്രസവിച്ചതു ജഡസ്വരൂപത്തിൽ ആകൃതിപ്പെട്ട പ്രകാശമുള്ള ആത്മാവിനെ അല്ലാതെ മരണമുള്ള ജഡത്തെ അല്ല. മനുഷ്യനെ സൃഷ്ടിച്ചതു മാലാഖമാരും, ഗ്രഹങ്ങളും [illegible] ആകുന്നു. ആത്മാവിനെ കൊടുത്തതു മാലാഖമാരും [illegible] കൊടുത്തതു ഗ്രഹങ്ങളും ആകുന്നു. വ്യാഴഗ്രഹത്തിന്റെ നാഴികയിൽ [illegible] ജനിക്കയും ചൊവ്വായുടെ നാഴികയാൽ കൊലയിൽ [illegible] നെയും വ്യാഴത്തിന്റെ നാഴികയിൽ താൻ [illegible] ട്ടു. ഉയിർപ്പില്ല, വിവാഹം നിർമ്മലതയുണ്ടാക്കുന്നതല്ല [illegible] കളെയും അവൻ പഠിപ്പിച്ചുവന്നു.

൧ർ

എവുറിസാംനീസ് — ഇവന് ത്രിതത്വത്തിൽ നല്ല വിശ്വാസം ഉണ്ടായിരുന്നില്ല ഉയിർപ്പില്ലെന്നും പറഞ്ഞുവന്നു. ഇവൻ വചനത്താലും ഉപദേശത്താലും വളരെ നിപുണനായിരുന്നതു കൂടാതെ പഴയ നിയമത്തിനും പുതിയ നിയമത്തിനും വളരെ വ്യാഖ്യാനങ്ങൾ ചമയ്ക്കുകയും ചെയ്തു.

൧൫

ഹൽക്കസാനർ — വായ്കൊണ്ടു മ്ശിഹായിൽ ഉപേക്ഷിച്ചു പറഞ്ഞാലും ഹൃദയം കൊണ്ടു ഏററുപറഞ്ഞാൽ കുററമില്ലെന്ന് ഇവർ പഠിപ്പിച്ചുവന്നു ഇവൎക്ക് ഒരു പുസ്തകമുണ്ടായിരുന്നു. അതു വായിച്ചു കേൾക്കുന്നവൎക്ക പാപമോചനം ലഭിക്കുമെന്നും പറഞ്ഞുവന്നു.

൧൬

നാവാത്തീസ് — മാമ്മോദീസാ മുങ്ങിയതിന്റെ ശേഷം പാപം ചെയ്യുന്നവൎക്ക മോചനം ഉണ്ടാകുന്നതല്ലെന്നു ഇവൻ പഠിപ്പിച്ചുവന്നു. എന്നാൽ ദെയൂനായ ആണ്ടു ൨൰൫൰ൽ ദക്കിയോസിനാൽ ക്രിസ്ത്യാനികളോടുണ്ടായ പീഡയിൽ വച്ചു ഇവൻ മ്ശിഹായിൽ ഉപേക്ഷിച്ചതായിട്ടും പറയപ്പെടുന്നു.

൧൭

സാബെലിയോസ് — ശുദ്ധമുള്ള ത്രിത്വമെന്ന് പറയപ്പെടുന്നതു ഒരാൾ തന്നെ ആകുന്നു. എന്നും താൻ പഴയനിയമത്തിൽ പിതാവായിട്ടു പറയപ്പെടുകയും പുതിയനിയമത്തിൽ പുത്രനായിട്ടു ജഡം ധരിക്കയും ശുദ്ധമുള്ള റൂഹായുടെ സാദൃശത്തിൽ ശ്ലീഹന്മാരിൽ സംസാരിക്കയും ചെയ്തതത്രെ എന്നു ഇവൻ പഠിപ്പിച്ചുവന്നു.

൧൮

മെസ്രേൻകാരനായ സൂവത്തീസ് — ഇവൻ യഹൂദാചാരം ഉപദേശിക്കയും ശുദ്ധിമാന്മാൎക്ക ഭൂമിയിൽ ആയിരം സംവത്സരങ്ങൾ ഭക്ഷണവും പാനീയവും ഉണ്ടാകുമെന്നു പഠിപ്പിക്കയും ചെയ്തു വന്നു.

൧൯

ശ്മശ്ത്തായക്കാരൻ പൌലൈ — മ്ശിഹാ ഒരു സാധാരണ മനുഷ്യൻ ദൈവകൃപയ്ക്കു യോഗ്യനായിത്തീൎന്നവനാകുന്നു, എന്നും തന്റെ ആരംഭം മറിയത്തിൽ നിന്നത്രെ എന്നും ഇവൻ പഠിപ്പിച്ചുവന്നു, സുന്ദരി

കളായ ഏഴു സ്ത്രീകളും അവനു ചേൎന്ന അവരുടെ നാമത്തിനു പാട്ടുകൾ പാടിക്കൊണ്ടിരുന്നു. വേശ്യാസംഗം അശുദ്ധമുള്ളതായിട്ട് അവൻ നിരൂപിച്ചതുമില്ല.

൧൦

മാനി—ഇവൻ മ്ശിഹാ എന്നും ശുദ്ധമുള്ള റൂഹാ എന്നും തന്നെത്താൻ പേരുവിളിച്ചുവന്നു. നല്ലവനായ ദൈവവും തിന്മപ്പെട്ടതായ ജഡവും ഇങ്ങനെ രണ്ട് ആദിസ്വരൂപികൾ ഉണ്ടു. സൂൎയ്യനും ചന്ദ്രനും മനുഷ്യരുടെ ആത്മാക്കളെയും ജഡത്തിലുള്ള സകല നന്മകളെയും എടുത്തുകൊണ്ടുപോയി പ്രകാശത്തിന്റെ സ്ഥലത്തേക്ക് ഇറക്കുന്ന കപ്പലുകളാകുന്നു. അവസാനം നല്ലവനായ ദൈവം ജഡത്തെയും മാനിയിൽ വിശ്വസിക്കാത്തതായ സകല ആത്മാക്കളെയും അഗ്നിക്ക് ഏല്പിക്കും. വിവാഹം തിന്മപ്പെട്ടവനിൽ നിന്നാകുന്നു. ആത്മാക്കൾ ശരീരത്തിൽ നിന്നു വിട്ടുപോകുമെന്നല്ലാതെ ഉയൎപ്പുണ്ടാകുന്നതല്ല. നമ്മുടെ കൎത്താവിന് ആത്മാവും ശരീരവും ഉണ്ടായിരുന്നില്ല. എന്നാലും താൻ കാണപ്പെട്ടതും കഷ്ടമനുഭവിച്ചതും താൻ പ്രവൃത്തിച്ച സകലവും മായക്കാഴ്ചയായിട്ടായിരുന്നു. ൧൨ ദേവന്മാരും അവൎക്കു ൧൨ സ്ത്രീകളും ഉണ്ടു് എന്നിപ്രകാരം ഒക്കെയും ഇവൻ പഠിപ്പിച്ചുവന്നു.

൧൧

ആറിയോസ—ദൈവപുത്രൻ സൃഷ്ടിക്കപ്പെട്ടവനാകുന്നു. പിതാവായ ദൈവം സകല സൃഷ്ടികളെയും സൃഷ്ടിക്കുന്നതിനു മുമ്പു പുത്രനെ സൃഷ്ടിച്ചു. പുത്രനെക്കൊണ്ടു സകലത്തെയും സൃഷ്ടിപ്പിക്കയും ചെയ്തു. അതിനാൽ പുത്രൻ പിതാവിനോടു സമനല്ല. അപ്രകാരം തന്നെ ശുദ്ധമുള്ള റൂഹായും പിതാവിനോടു സമനല്ല. പുത്രൻ എടുത്ത ശരീരം ആത്മാവില്ലാത്തതത്രെ. ആത്മാവിനു പകരം ദൈവത്വം ആയിരുന്നു എന്നിപ്രകാരം ഒക്കെയും ഇവൻ പഠിപ്പിച്ചതു കൂടാതെ, പിതാവിനും പുത്രനും ശുദ്ധമുള്ള റൂഹായ്ക്കും സ്തുതി എന്നുള്ള മുന്നമത്തെ സ്തുതിയെ ശുദ്ധമുള്ള റൂഹായാൽ പുത്രൻ മൂലം പിതാവിനു സ്തുതി എന്നു മാററി പഠിപ്പിച്ചു. നമ്മുടെ കൎത്താവു പഠിപ്പിച്ചിരിക്കുന്ന [illegible] പിതാവിന്റെയും പുത്രന്റെയും ശുദ്ധമുള്ള റൂഹായുടെയും നാമത്തിൽ [illegible] സാ മുക്കുന്നു എന്ന മാമോദീസായിൽ [illegible] ത്തിസപ്പെട്ടതിനാൽ അവന്റെ [illegible] കരുതി തെറ്റു മാറിയതുമില്ല.

൨൨

നാവാദ—ഈ അശുദ്ധൻ ൻർ വെളിപാടുകളെയും നടപടിപ്പുസ്തകങ്ങളെയും ഉണ്ടാക്കി. അവയാൽ അവൻ ജീവന്റെ പിതാവും ജീവന്റെ മാതാവും അനേകം പുത്രന്മാരും അനേകം ആത്മാക്കളും അനേകം ദേവന്മാരും ഉണ്ടു്. മാലാഖമാരെ സൃഷ്ടിച്ചതു് ഒരു മാലാഖയത്രെ. ദൈവവും വിധിയിൻകീഴിലാകുന്നു. അതിനാൽ സകലവും എന്നപോലെ ദൈവവും താനോടു ചേരുന്നവരും അവസാനം മാഞ്ഞു് ഇല്ലാതായിപോകും. മ്ശിഹായെ കുരിശിൽ തറച്ചതു ദൈവമാകുന്നു. മ്ശിഹാ സൃഷ്ടിക്കപ്പെട്ടവനത്രെ. തന്റെ ശരീരം ആകാശത്തിനടുത്തതാകുന്നു. താൻ കഷ്ടമനുഭവിക്കാതെ കഷ്ടമനുഭവിച്ചതായും, കുരിശിൽ തറയ്ക്കപ്പെടാതെ കുരിശിൽ തറയ്ക്കപ്പെട്ടതായും കാണപ്പെട്ടതേയുള്ളു. പാപം സ്വഭാവേനയുള്ളതാകുന്നു. നമ്മുടെ ശരീരം തിന്മപെട്ടവനിൽ നിന്നുള്ളതത്രെ. ഉയിർപ്പില്ല. വിവാഹം അശുദ്ധമുള്ളതാകുന്നു. എന്നിപ്രകാരവും മറ്റും പഠിപ്പിച്ചു.

൨൩

മക്കദൊനിയോസ്—പുത്രൻ പിതാവിനു സമനെങ്കിലും ശുദ്ധമുള്ള റൂഹാ പിതാവിനും പുത്രനും സമനല്ലെന്നു് ഇവൻ പഠിപ്പിച്ചുവന്നു

൨൪

എവുനോമിയോസ്—ദൈവം സകലത്തിനും മുമ്പു പുത്രനെ സൃഷ്ടിച്ചു. സകല സൃഷ്ടികളെയും സ്ഥാരപ്പെടുത്തുന്നതിനു മുമ്പു പുത്രൻ ശുദ്ധമുള്ള റൂഹായെയും സൃഷ്ടിച്ചു എന്നിപ്രകാരം ഇവൻ പഠിപ്പിച്ചതു കൂടാതെ മൂന്നത്വത്തിന്റെ നാമത്തിൽ മാമ്മോദീസാ മുക്കുന്ന മര്യാദ വ്യത്യാസപ്പെടുത്തി യേശുവിന്റെ മരണനാമത്തിൽ മാത്രം മാമ്മോദീസാ മുക്കുകയും മാമ്മോദീസാ മുങ്ങുന്നവരെ തലമുതൽ നെഞ്ചുവരെ മാത്രം സ്നാനം കഴിക്കയും ശേഷം ഭാഗങ്ങളെ അശുദ്ധമുള്ളവയെന്ന ഭാവത്തിൽ വിട്ടുകളകയും ചെയ്തുവന്നു. ദൈവത്വത്തിനടുത്തവയിൽ ഒന്നും അവനു മറവായിരിക്കുന്നില്ലെന്നും സകലവും അവനു് അറിവുണ്ടെന്നും ദൈവം അവനെ അറിയുന്നപ്രകാരം ദൈവത്തെയും തന്റെ സ്വഭാവത്തെയും അവനും അറിയുന്നുണ്ടെന്നും കൂടെ പറവാൻ അവൻ മടിച്ചില്ല.

൨൫

നാറിയോസ്—മൂന്നത്വത്തിന്റെ സ്വഭാവം ഒന്നെങ്കിലും പിതാവു വലിയവനെന്നും പുത്രൻ ഏറ്റം വലിയവനെന്നും ശുദ്ധമുള്ള റൂഹാ

വളരെ വലിയവനെന്നും മററു ചില പദവീ വ്യത്യാസങ്ങളെ ഇവൻ നിശ്ചയിച്ചു വചനം ജഡമായിത്തീൎന്നെങ്കിലും താൻ എടുത്ത ആത്മാവു സസ്യാദികൾക്കടുത്തതും മൃഗജന്തുക്കൾക്കടുത്തതുമായ ജീവനെ അല്ലാതെ ബുദ്ധ്യാത്മാവിനെ അല്ല. ബോധം താൻ എടുത്തില്ല. ബോധത്തിന്നു പകരം ദൈവത്വം ആയിരുന്നു. നമ്മുടെ കൎത്താവിന്റെ ശരീരം ആകാശത്തിനടുത്തതത്രെ. തന്റെ സ്വഭാവം കൂടികലൎന്നു സമ്മിശ്രപ്പെട്ടതായ ഒരു സ്വഭാവം ആകുന്നു. ഉയിൎപ്പിന്റെ ശേഷം ഭക്ഷണവും പാനീയവും വിവാഹവും ഉണ്ട് എന്നിപ്രകാരം ഒക്കെയും ഇവൻ പഠിപ്പിച്ചുവന്നു. ൧൦൦൦ മസ്മൂറാകളെ ഉണ്ടാക്കി അവ ദാവീദിന്റേതിനേക്കാൾ വിശേഷപ്പെട്ടവയെന്നും പറഞ്ഞിരുന്നു. പുത്രന്റെ മനുഷ്യാവതാരവും മററും സാബെലിയൂസിന്റെ ഉപദേശപ്രകാരം മുന്മതത്തിന്റേതായിട്ടു പറഞ്ഞിരിക്കുന്നതായും അവന്റെ ചില കൃതികളിൽ കാണുന്നുണ്ട്.

൨൩

ഉറഹായക്കാരനായ എവുസേബിയോസ്—സ്വപ്നങ്ങളും പിശാചുക്കളുടെ വ്യാപാരങ്ങളും ശുദ്ധമുള്ള റൂഹായുടെ വെളിപാടുകൾ ആകുന്നു എന്നു പറഞ്ഞുവന്ന വൃദ്ധന്മാരായ ചില ശിഷ്യന്മാർ ഇവന്നുണ്ടായിരുന്നു. അവരുടെ അടുക്കൽ ചെല്ലുന്നവർ ശുദ്ധമുള്ള റൂഹായുടെ നൽവരങ്ങളെ കൈക്കൊള്ളുമെന്നും അവർ സ്ത്രീകളോടുകൂടെ ഉറങ്ങിയാലും തങ്ങൾ യാതൊന്നും അറികയില്ലെന്നും നാം വഹിച്ചിരിക്കുന്ന ശരീരം യാതൊരു പ്രയോജനവും വരുത്തുന്നതല്ലെന്നും അവർ പറഞ്ഞുവന്നു.

൨൪

എവുത്തുഖാ—ഇവൻ ഉലത്തീനോസിന്റെയും അപ്പൂലീനോസിന്റെയും വിശ്വാസപ്രകാരമുള്ളവനായി കാണപ്പെട്ടു. വചനമായ ദൈവം കന്യാസ്ത്രീയിൽ നിന്നു മനുഷ്യത്വത്തിനടുത്തതായ യാതൊന്നും എടുത്തില്ല. എന്നാലോ താൻ പകരപ്പെട്ടു. ജഡമായിത്തീൎന്നു. തന്റെ ശരീരം നമ്മുടെ സ്വാഭാവികപ്രകാരമുള്ളതല്ല, തന്റെ സ്വഭാവം സമ്മിശ്രപ്പെട്ടതും പകരപ്പെട്ടതുമായ ഏക സ്വഭാവം ആകുന്നു. എന്നിപ്രകാരം ഒക്കെയും അവൻ പഠിപ്പിച്ചുവന്നു.

൨൫

ഹഗംഗ്ലേകാരൻ സ്കൂലായാനാ—നമ്മുടെ കൎത്താവിന്റെ [illegible] ഒന്നിപ്പിന്റെ കാരണത്താൽ ദൈവസ്വഭാവമായി [illegible] എന്നും അതിനാൽ താൻ നമ്മുടെ സ്വഭാവ[illegible] താ

ൻ ഭൂമിയിൽ വെച്ചു നിവൎത്തിച്ചതായ തന്റെ കഷ്ടാനുഭവം മരണം മുതലായ സകല വ്യാപാരങ്ങളും മായക്കാഴ്ചയായിട്ടുള്ളതല്ലാതെ സത്യമായിട്ടുള്ളതല്ലെന്നും മററും ഇവൻ പഠിപ്പിച്ചുവന്നു.

൨൯

ത്രീതീത്തർ—ഇവൻ മുന്നത്വത്തിൽ മൂന്നു ആളുകളും ഒരു സ്വഭാവവും അല്ല, എന്നാലോ മൂന്നു ആളുകളും ഓരോ ആളിന്നു ഓരോ സ്വഭാവവും ഉണ്ടു്. അതിനാൽ മുന്നത്വം മൂന്നു ആളുകളും മൂന്നു സ്വഭാവങ്ങളും മൂന്നു ദൈവങ്ങളും ആകുന്നു എന്നും പഠിപ്പിച്ചുവന്നു.

൩൦

സുബൈദെലെയുടെ പുത്രനായ എസ്തപ്പാനോ—നിത്യശിക്ഷ ഇല്ല. ശിക്ഷയ്ക്കു ഒരു അവസാനം ഉണ്ടു്. അതിനാൽ ദുഷ്ടന്മാരെ എന്നേക്കും ശിക്ഷിക്കയില്ല. അപ്രകാരം തന്നെ പിശാചുക്കളോടും കരുണയുണ്ടാകാതിരിക്കയില്ല. അവസാനം സകലവും ദൈവസ്വഭാവത്തിലേക്ക തിരികെ ചേരും എന്നിപ്രകാരം ഇവൻ ഉപദേശിച്ചുവന്നു. ഈ ഉപദേശത്തിന്റെ സ്ഥിരതയ്ക്കായി അവൻ ഒരു പുസ്തകം എഴുതിയുണ്ടാക്കുകയും ശുദ്ധമുള്ളവനായ മാർ ദീവന്നാസ്യോസിന്റെ ഗുരുവായ ഇത്തൊഹേസു് ഉണ്ടാക്കിയതെന്നു വരുത്തുവാനായിട്ടു് അതിന്നു ഇത്തൊഹേസിന്റെ പേരു വിളിക്കുകയും ചെയ്തു.

മേൽ വിവരിച്ച വേദവിപരീതികളുടെ വേദവിപരീതങ്ങൾ ഒക്കെയും വിശുദ്ധസഭയുടെ കാതലായ വിശ്വാസത്തിന്നു എതിരായിട്ടുള്ളവയത്രെ. ഇവ അവയുടെ ആരംഭത്തിൽ കുറെ ശക്തിപ്പെട്ടുവരികയും അനേകം ആളുകൾ അവരോടു ചേരുകയും ചെയ്തു, എങ്കിലും ഇപ്പോൾ അവ ലോകത്തിൽ കാണപ്പെടുവാൻ ഇല്ലാത്തപ്രകാരം ദൈവം അവയെ അശേഷം മൂലനാശം വരുത്തിയിരിക്കുന്നു. നെസ്തോർകാർ, യെഔനായക്കാർ, മാറോനായ സുറിയാനിക്കാർ, റഷ്യാക്കാർ, റോമാക്കാർ, ഇംഗ്ലീഷുകാർ മുതലായ സഭക്കാർ മേൽ വിവരിച്ചപ്രകാരമുള്ള വേദവിപരീതങ്ങളിൽ ചേൎന്നിരിക്കുന്നവരല്ലെങ്കിലും മ്ശിഹായുടെ ദൈവത്വം മനുഷ്യത്വം എന്ന രണ്ടു സ്വഭാവങ്ങളുടെ ഒന്നിപ്പിലും റൂഹാദക്കുദിശായുടെ പുറപ്പാടിലും മററും ഓരോവിധം വേദവിപരീതമായ അഭിപ്രായവ്യത്യാസത്തിൽ ഇരിക്കുന്നു. ചിലർ ഈ യോജിപ്പു് ഇഷ്ടത്തിന്നടുത്തതും വ്യാപാരത്തിന്നടുത്തതും ആകുന്നു എന്നും, ചിലർ ക്നൂമായ്ക്കടുത്തതെന്നും, (ആളിന്നടുത്തതു) ചിലർ പർസൂപ്പായ്ക്കടുത്തതെന്നും, (മുഖത്താ

ന്നട്ടത്തു) ഖാലർ തന്റെ ദൈവത്വവും മനുഷ്യത്വവും തമ്മിൽ വേർതിരിയാത്ത പ്രകാരം ഒന്നിച്ചിരിക്കുന്നു എങ്കിലും രണ്ടു സ്വഭാവമെന്നു പേർ പറയപ്പെടണമെന്നും, റൂഹാദക്കുദിശാ പിതാവിൽ നിന്നു മാത്രമല്ല, പുത്രനിൽ നിന്നും കൂടെയാത്രെ പുറപ്പെടുന്നതെന്നും, ഇങ്ങിനെ ഓരോ പ്രകാരത്തിൽ ഉപദേശിച്ചുവരുന്നു. എന്നാൽ അർമ്മനായക്കാരും ഇഗിപ്തായക്കാരും കൂശായക്കാരും തങ്ങളുടെ വിശ്വാസരീതിയിൽ ഒക്കെയും സുറിയാനിക്കാരോടു യോജിച്ചിരിക്കുന്നു.

സമാപ്തം.

ഗ്രന്ഥങ്ങളുടെ വില.


| | ഉറു. | ച. | കാ. |
|---|---|---|---|
| ൩ ഭാഗം ഓരോന്നും | ,, | ൨ | ൦ |
| പ്രവേശം, ആത്മപ്രകാശം, മാർഗ്ഗപ്രകാശിക | ,, | ൨ | വീതം |
| ധ്യാനം ൩ ഭാഗം ഓരോന്നും | ,, | ൩ | ടി |
| പർദമോചനം ൪ ഭാഗം ഓരോന്നും | ,, | ൨ | ടി |
| സാധാരണ നമസ്കാരക്രമം | ,, | ൧൦ | ൦ |
| ടി ചെറുത | ,, | ൳ | വ്വ |
| നമസ്കാരക്രമം, കുർബാന, റൂഹാസ്യപ്രാത്ഥന, കുർബാനക്രമം ഇവ ഒന്നിച്ചു മാർബിൾ ബയന്റു | ൧ | ൭ | ൦ |
| ടി മുഴുവൻ കാലിക്കോ, | ൧ | ൧൪ | ൪ |
| പുതിയ നമസ്കാരക്രമം | ,, | ൪ | ൦ |
| കുർബാനക്രമം | ,, | ൩ | വ്വ |
| കുന്തോ, കുർബാനക്രമം ചെറുത | ,, | വ്വ | ൦ |
| വി: കുർബാനയുടെ ഒന്നും രണ്ടും പുസ്തകം | ,, | ൮ | വീതം |
| ടി മൂന്നാംപുസ്തകം | ,, | ൯ | ൦ |
| ടി ൧-ാംപുസ്തകത്തിന്റെ അദ്ധ്യാപകനോട്ട | ,, | ൨൪ | വ്വ |
| ടി ൨-ാംപുസ്തകത്തിന്റെ അദ്ധ്യാപകനോട്ട | ,, | ൧൨ | ൦ |
| രഹസ്യപ്രാത്ഥന | ,, | ൫ | ൦ |
| മിശിഹാനുകരണം | ,, | വ്വ | ൦ |
| മേല്പട്ടസ്ഥാനാഭിഷേകം | ,, | ൨ | ൧൨ |
| മതസംഗതി | ,, | ൪ | ൦ |
| ചോദ്യോത്തരം ൧-ാംഭാഗം | ,, | ൨. | ൦ |
| ടി ൨ ,, | ,, | ൧ | വ്വ |
| ദൈവസ്നേഹം | ,, | ൩ | ൦ |
| മാർഗ്ഗദീപം | ,, | ൭ | ൦ |
| പ്രാർത്ഥനാസഹായി | ,, | ൭ | ൦ |
| ക്രിസ്തീയസംവത്സരം | ,, | ൯ | ൦ |
| യഥാർത്ഥ ദൈവഭക്തി | ,, | ൮ | ൦ |
| ബാലപാഠം | ,, | ൭ | ൦ |
| മത്തായിശ്ലീഹായുടെ നമസ്കാരം | ,, | ൧ | ൦ |
| തിരുമുമ്പാകെ | ,, | ൧ | |
| കുഷ്ഠരോഗവൈദ്യാനാമംല നാലുഭാഗംഓരോന്നും | ,, | ൨ | വീതം |
| കുരിശിന്റെ പ്രാർത്ഥന | ,, | ൨ | ൦ |
| വ്യാകരണശ്രേണിക. (ഒന്നാം പുസ്തകം). | ,, | ൯ | ൦ |
| ഹോർമ്മിസ്‌ദ പ്രാർത്ഥന. | ,, | ൪ | ൦ |
| വേദഗൈപ്പാത്തങ്ങളുടെ സംഗ്രഹം. | ,, | ൧ | വ്വ |